
# NEW VISION



**NEW VISION**
Issue 13 (3/95)

**Editorial Board**
Prof: Mathew Koshy, Tel: 04731-2688
Rev. A.C. Oommen
Mr. M. Kurian Tel: 0481-578599
Rev. Prof. K.C. Mathew, Tel: 0481-578841

**Advisory Board**
Rt. Rev. T.B. Benjamin, Tel: 0481-566649
Rt. Rev.Dr. Geevarghese Mar Osthathiose Tel: 0482-2473
Rt. Rev. Dr. Thomas Mar Athanasius Tel: 0458-32401
Rt. Rev. Dr. Issac Mar Philexenos Tel: 011-312828
Mr. C. John Mathai, Tel: 0481-62351
Sr. Raichel John
Adv. K.I. Ninan, Tel: 0481-567859
Mr. V.J. Joseph
Prof. Mammen Varkey, Tel: 04782-4355
Rev. Dr. K.V. Mathew, Tel: 047351-6525
Mr. Mathew Idiculla, Chicago

**Co-ordinators in USA**
Rev. Thomas K. Oommen, New York
Mr. John K. Mathew, Texas
Mr. J.T. Wattachanackal, Chicago

**Contact Address in USA & Canada**
NEW VISION
16 W, 684-89th Place
Hinsdale, IL. 60521 U.S.A.
Phone / Fax: 708-986-1195

**Office Address in India**
NEW VISION
Manganam
Kottayam - 18
Telephone: 0481-578841

**Manager**
Mr. Philipose Mathew

Cover Design Layout
Pratap Publicity, Ktm.
Computer Typesetting
Graphic System, Ktm.

**FOR PRIVATE CIRCULATION**

# പത്രാധിപക്കുറിപ്പുകൾ

വിദ്യാഭ്യാസത്തെക്കുറിച്ചും സുവിശേഷവേലയെക്കുറിച്ചും കഴിഞ്ഞ ലക്കങ്ങളിൽ അഭിമുഖങ്ങളിലൂടെ അവതരിപ്പിക്കപ്പെട്ട ചിന്തകൾ ചർച്ചയ്ക്ക് വിഷയീഭവിക്കേണ്ടതാണ്. വ്യത്യസ്ത വീക്ഷണങ്ങൾ അവതരിപ്പിക്കുന്നതും, ആശയങ്ങൾ കൈമാറുന്നതും ന്യൂ വിഷന്റെ ലക്ഷ്യങ്ങളാണല്ലോ. ചർച്ചകൾക്കു സഹായിക്കുന്ന വിധത്തിൽ വിഷയം ഇവിടെ അവതരിപ്പിക്കുകയാണ്.

ഭൂലോകമെങ്ങും സുവിശേഷം ഘോഷിച്ചു സകല ജാതികളെയും ശിഷ്യരാക്കുകയെന്നത് കർത്താവിന്റെ അന്ത്യ കല്പനയാണ്. എല്ലാ സഭകളും സുവിശേഷവേലയ്ക്കു പ്രാധാന്യം കൊടുക്കുന്നതും ഈയൊരു കാഴ്ചപ്പാടിലാണ്. തോമസ് അപ്പൊസ്തലൻ കേരളത്തിൽ വന്നതും ഇവിടെ പുരാതന സുറിയാനി സഭ ഉണ്ടായതും സുവിശേഷ പ്രവർത്തനങ്ങളുടെ ഭാഗമായാണ്. പക്ഷേ ഓർത്തഡോക്സ് സഭാ ഡൽഹി ഭദ്രാസനാധിപൻ ഡോ. പൗലോസ് മാർ ഗ്രീഗോറിയോസ്, സുവിശേഷ വേലയെക്കുറിച്ച് വ്യത്യസ്തമായ ഒരഭിപ്രായമാണ് ന്യൂവിഷനിൽ പറഞ്ഞിരിക്കുന്നത്. 'ഇവാൻജിലൈ സേഷൻ സ്കീം' തന്നെ ഇംപീരിയലിസത്തിന്റെ ഭാഗമാണെന്ന്. തങ്ങൾക്ക് വെളിച്ചം ലഭിച്ചിരിക്കുന്നു എന്നു കരുതുന്നവർ മറ്റുള്ളവരെ താണവരായി കരുതുന്നു. ഗുണമേന്മയുള്ള മനുഷ്യൻ ആയിരിക്കുന്ന സ്ഥലത്ത് വിശ്വസ്തരായി വേല ചെയ്യുകയെന്നതാണ് സുവിശേഷവേല. ഈയൊരു പ്രസ്താവന മെത്രാപ്പോലീത്തയിൽ നിന്നു തന്നെ വന്നത് പലരിലും അദ്ഭുതം സൃഷ്ടിച്ചു.

കേരളത്തിൽ യൂറോപ്യൻ മിഷനറിമാരുടെ വിദ്യാഭ്യാസപ്രവർത്തനങ്ങൾ നിമിത്തമാണ് പിന്നോക്കവിഭാഗത്തിൽ നിന്ന് പലരും ബിരുദധാരികളായത്. സാമൂഹ്യമായും സാംസ്കാരികമായും സാമ്പത്തികമായും പിന്നോക്കം നില്ക്കുന്നവർ വിദ്യാസമ്പന്നരായത് വിദ്യാഭ്യാസമേഖലയിൽ, സേവന മനോഭാവത്തോടെ സഭകളും ഇതര ഏജൻസികളും ഏർപ്പെട്ടതുകൊണ്ടാണ്.

ഉയർന്ന സാക്ഷരത, ആരോഗ്യബോധം, അവകാശങ്ങളെ കുറിച്ചുള്ള ബോധം തുടങ്ങിയവ സാർവ്വത്രിക വിദ്യാഭ്യാസത്തിന്റെ ഭാഗമാണ്. മാർത്തോമ്മാ മെത്രാപ്പോലീത്താ ഇന്നു സമൂഹത്തിൽ പ്രബലമായി കൊണ്ടിരിക്കുന്ന ആശയങ്ങളോട് യോജിക്കയാണ്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ വിദ്യാഭ്യാസം വിലയേറിയതായിരിക്കണം. പഠിച്ചാൽ പ്രയോജനമുണ്ട്, ഗുണമുണ്ട് എന്നുള്ള വിദ്യാർത്ഥികൾക്കു മാത്രമായി ഉന്നത വിദ്യാഭ്യാസം പരിമിതപ്പെടുത്തണം. സർഗശക്തിയും കഴിവും ഉള്ളവർക്കു മാത്രമായി ഉന്നത വിദ്യാഭ്യാസം ശ്രദ്ധാപൂർവ്വം പ്ലാൻ ചെയ്യണം. ചുമ്മാതെ കുറെ പേർക്ക് ഡിഗ്രി കൊടുക്കുന്ന സമ്പ്രദായം ശരിയല്ല. വിദ്യാഭ്യാസ മേഖലയിൽ നടമാടുന്ന അരക്ഷിതാവസ്ഥയാണ് മെത്രാപ്പോലീത്ത ഇപ്രകാരം പ്രതികരിക്കുവാൻ ഇടയാക്കിയതെന്നുള്ള കാര്യത്തിൽ സംശയമില്ല. ഈ സർഗശക്തിയും കഴിവും ഒക്കെ കുടുംബ പശ്ചാത്തലത്തിന്റെയും പാരമ്പര്യത്തിന്റെയുമൊക്കെ ഭാഗമല്ലെ?

ഈ രണ്ടു വിഷയങ്ങളിലും ബഹുമാന്യരായ വായനക്കാർക്ക് വ്യത്യസ്തമായ ചോദ്യങ്ങളും ഉത്തരങ്ങളുമുണ്ടാകും. അതിനു സഹായിക്കുന്ന വിധത്തിൽ വിഷയം ഇവിടെ അവതരിപ്പിച്ചിരിക്കുന്നു. നിങ്ങളുടെ പ്രതികരണങ്ങൾക്കായി കാത്തിരിക്കുന്നു.

# NEW VISION


**അഭിമുഖം**
പരിസ്ഥിതി വാദിയായ കാൻറർബറി
ആർച്ച് ബിഷപ്പ്
റവ. പ്രൊഫ. കെ.സി. മാത്യു,
പ്രൊഫ. മാത്യു കോശി പുന്നയ്ക്കാട്
പേജ് - 4



**റിപ്പോർട്ട്**
മാരാമൺ ശതാബ്ദി കൺവൻഷൻ
സ്റ്റാഫ് റിപ്പോർട്ടർ പേജ് - 6

**Message**
"Let the words of my mouth"
Rev. P.K. Sunny
പേജ് - 19

**Article**
The making of a Bishop
Dr. Benjamin Isac
പേജ് - 10

**ലേഖനം**
നമ്മുടെ നാട്ടിലെ റാഹേലുമാർ ആരൊക്കെ ?
ഡോ. അന്നമ്മ ജോർജ്ജ്.
പേജ് - 12

**ലേഖനം**
സി.എസ്സ്.ഐയുടെ ചിഹ്നം കത്തുന്ന കുരിശല്ല.
ബിഷപ്പ് മൈക്കിൾ ജോൺ പേജ് - 14


**Christian psychology**
Some thoughts on christian psychology
Rev. Dr. K.S. George (U.S.A.) പേജ് - 15

**ആരോഗ്യദർശനം**
സീതയും രാധയും പേജ് - 16



**Message**
Time to change Time to grow.
Mor. Nicholovos zachariah
പേജ് - 18

**ജീവിതശൈലികൾ**
ജർമ്മൻ ശൈലികൾ ഏകോപിപ്പിക്കുന്ന മാർഗരറ്റ് കുര്യൻ
പ്രൊഫ. മാത്യു കോശി പേജ് - 20




**പരിസ്ഥിതി**
വായു മലിനീകരണം പേജ് - 22

**പ്രബന്ധം**
വാസ്തുശാസ്ത്ര പ്രസക്തി
ഡോ. പി.വി. ഔസേഫ് പേജ് - 24

# പരിസ്ഥിതി വാദിയായ

റവ. പ്രൊഫ. കെ.സി. മാത്യു
പ്രൊഫ. മാത്യു കോശി പുന്നയ്ക്കാട്

വർണ-വർഗ വിവേചനങ്ങൾക്കെതിരെയുള്ള പോരാട്ടത്തിനു നേതൃത്വം കൊടുക്കുവാൻ ക്രൈസ്തവരെ ആഹ്വാനം ചെയ്തുകൊണ്ടാണ് പത്തു ദിവസത്തെ ഭാരതസന്ദർശനത്തിനു ശേഷം കാൻറർബറി ആർച്ച്ബിഷപ്പ് ഡോ. ജോർജ് എൽ. കേറി ഭാരതം വിട്ടത്. 1995 ഫെബ്രുവരി



യിൽ ഡൽഹി, മദ്രാസ്, മാരാമൺ, കോട്ടയം എന്നിവിടങ്ങളിൽ വിവിധ സഭകളുടെ നേതൃത്വത്തിൽ നടന്ന സമ്മേളനങ്ങളിൽ ആർച്ച്ബിഷപ്പ് പങ്കെടുക്കുകയുണ്ടായി. ഫെബ്രുവരി 17-ന് ഈ ലേഖകർക്ക് ചരൽക്കുന്നിൽ വച്ച് അനുവദിച്ച പ്രത്യേക അഭിമുഖസംഭാഷണത്തിൽ വിവിധ വിഷയങ്ങളോടുളള തന്റെ നിലപാടു ആർച്ച്ബിഷപ്പ് വ്യക്തമാക്കി. വിവേചനങ്ങൾക്കെതിരെയുള്ള പോരാട്ടം ക്രൈസ്തവ വിശ്വാസത്തിന്റെ ഭാഗമാണെന്നു ചൂണ്ടിക്കാട്ടിയ ആർച്ച്ബിഷപ്പ് അതിനുദാഹരണമായി, ദക്ഷിണാഫ്രിക്കയിൽ ക്രൈസ്തവരുടെ നേതൃത്വത്തിൽ നടന്നുവന്നിരുന്ന പോരാട്ടങ്ങളെ എടുത്തു കാണിച്ചു. സകല മനുഷ്യരും ദൈവസന്നിധിയിൽ തുല്യരാണെന്നും മനുഷ്യനിർമ്മിത മതിലുകൾ ഇല്ലാതാക്കുവാൻ ക്രൈസ്തവർ നേതൃത്വം കൊടുക്കണമെന്നും ആർച്ച്ബിഷപ്പ് ആഹ്വാനം ചെയ്തു.

ലോകമെമ്പാടുമുളള ആംഗ്ലിക്കൻ സഭയുടെ ആത്മീയ ഗുരുവാണ് 1991 ഏപ്രിലിൽ കാൻറർബറി ആർച്ച്ബിഷപ്പായി നിയമിതനായ ഡോ. ജോർജ് എൽ. കേറി. 60 രാജ്യങ്ങളിലായി 232 ഭാഷകൾ സംസാരിക്കുന്ന എട്ടു കോടി

ലോകമെമ്പാടുമുള്ള ആംഗ്ലിക്കൻ സഭയുടെ ആത്മീയ ഗുരുവാണ് 1991 ഏപ്രിലിൽ കാൻറർബറി ആർച്ച്ബിഷപ്പായി നിയമിതനായ ഡോ. ജോർജ് എൽ. കേറി. 60 രാജ്യങ്ങളിലായി 232 ഭാഷകൾ സംസാരിക്കുന്ന എട്ടു കോടി ജനങ്ങളുള്ള ആംഗ്ലിക്കൻ സഭകളുടെ തലവനായ കാൻറർബറി ആർച്ച്ബിഷപ്പിനെ പ്രൊട്ടസ്റ്റൻറ് സഭകളുടെ മാർപ്പാപ്പയെന്നും വിളിക്കാറുണ്ട്

ജനങ്ങളുളള ആംഗ്ലിക്കൻ സഭകളുടെ തലവനായ കാൻറർബറി ആർച്ച്ബിഷപ്പിനെ പ്രൊട്ടസ്റ്റൻറ് സഭകളുടെ മാർപ്പാപ്പയെന്നും വിളിക്കാറുണ്ട് എ.ഡി. 597-ൽ, അഭിഷിക്തനായ വിശുദ്ധ അഗസ്തിനോസാണ് ആദ്യത്തെ കാൻറർബറി ആർച്ച്ബിഷപ്പ്. പാരമ്പര്യ പ്രകാരം ബ്രിട്ടനിലെ പ്രഭുസഭയിലംഗമാണ് കാൻറർബറി ആർച്ച്ബിഷപ്പ്. 'ലോർഡ്' പദവിയുളള ആർച്ച്ബിഷപ്പാണ് ബ്രിട്ടീഷ് രാജകിരീടവാഴ്ചയുടെ മുഖ്യകാർമ്മികൻ. അതേസമയം പ്രധാനമന്ത്രിയുടെ ശുപാർശപ്രകാരം ആർച്ച്ബിഷപ്പിനെ നിയമിക്കുന്നത് രാജ്ഞിയാണ്.

ടി.എസ്സ്. എലിയട്ടിന്റെ 'കത്തീഡ്രലിലെ കൊലപാതകം' (Murder in the Cathedral) എന്ന നാടകം പന്ത്രണ്ടാമത് കാൻറർബറി ആർച്ച്ബിഷപ്പായിരുന്ന തോമസ് എ. ബക്കറ്റിന്റെ മരണത്തെക്കുറിച്ചാണ് പ്രതിപാദിക്കുന്നത്.

1935-ൽ കിഴക്കൻ ലണ്ടനിലെ ബോയിൽ ഒരു ആശുപത്രി ചുമട്ടു തൊഴിലാളിയുടെ അഞ്ചു മക്കളിൽ മൂത്തവനായി ജോർജ് എൽ. കേറി ജനിച്ചു. സമ്പന്ന വിദ്യാർത്ഥികൾ പോകുന്ന പബ്ലിക്ക് സ്കൂളിൽ പഠിക്കുവാൻ നിർവ്വാഹമില്ലാത്തതിനാൽ ഗവർമെണ്ട് സ്കൂളിലാണ് പഠിച്ചത്. തുടർന്നു ഇലക്ട്രിസിററി ബോർഡിൽ പ്യൂണായി ജോലിയിൽ പ്രവേശിച്ചു. പതിനെട്ടാം വയസ്സിൽ എയർ ഫോഴ്സിൽ റേഡിയോ ഓപ്പറേറ്ററായി. 1956-ൽ ജോലിയിൽ നിന്നു വിരമിച്ചിട്ട് വീട്ടിലിരുന്നു പഠിച്ചു. 'ബാച്ചിലർ ഓഫ് ഡിവിനിററി' (B.D.) ഡിഗ്രിയെടുക്കുകയും പട്ടത്വശുശ്രൂഷയിലേക്ക് പ്രവേശിക്കുകയും ചെയ്തു. തുടർന്നു ദൈവശാസ്ത്രത്തിൽ മാസ്ററർ ബിരുദവും ഡോക്ടറൽ ബിരുദവും സമ്പാദിച്ചു. 1988-ൽ ബിഷപ്പായ ഡോ. കേറി 1991-ൽ കാൻറർബറി ആർച്ച്ബിഷപ്പായി തെരഞ്ഞെടുക്കപ്പെട്ടു. 'ചന്തയിലെ സഭ', 'ദൈവത്തിന്റെ അവതാരം' 'മഹത്വത്തിന്റെ പടിവാതിൽ' തുടങ്ങി പത്തു പുസ്തകങ്ങൾ ഡോ. കേറി എഴുതിയിട്ടുണ്ട്. ജീവിത ശൈലിയിലും പ്രവർത്തനങ്ങളിലും പ്രത്യേകതകൾ പുലർത്തുന്ന ഡോ. കേറി മഹനീയ വ്യക്തിത്വത്തിന്റെ ഉടമയാണ്.

യാഥാസ്ഥിതിക പ്യൂരിട്ടനിസത്തിന്റെ മൂല്യബോധമുളള ഇംഗ്ലണ്ടിലെ സഭയുടെ ചിന്തകളെ വെല്ലുവിളിച്ചുകൊണ്ട് വനിതകളെ വൈദികരാക്കാനുളള തന്റേടം ഡോ. കേറി കാട്ടുകയുണ്ടായി. സ്ത്രീ പട്ടക്കാരെ വാഴിക്കുവാനുളള ചർച്ചകൾ ആരംഭിച്ചത് 1975-ലാണ്. 1992-ൽ ഡോ. കേറി ചർച്ചകളെ പരിസമാപ്തിയിലേക്ക് നയിച്ചു. സ്ത്രീകളെ വൈദികരാക്കിയാൽ സഭ പിളരുമെന്നും ആയിരക്കണക്കിനു വൈദികർ സഭ വിട്ടു പോകുമെന്നും പലരും പ്രവചിച്ചിരുന്നു. സഭ പിളർന്നില്ല. പക്ഷേ മുന്നൂറോളം വൈദികർ സഭ വിട്ടു പോയി

# കാൻറർബറി ആർച്ച്ബിഷപ്പ്

എന്നു ഡോ. കേറി പറഞ്ഞു. "ഇന്നു ഞങ്ങളുടെ സഭയിൽ 1400 സ്ത്രീ പട്ടക്കാർ ഉണ്ട്. ഇതിനെതിരെ ഉയർന്ന കാററും കോളും ശമിച്ചു. ജനങ്ങളെ കാര്യങ്ങൾ പറഞ്ഞു മനസ്സിലാക്കുവാൻ ഞങ്ങൾക്ക് സാധിച്ചു. മററു സഭകളുമായുള്ള ബന്ധത്തിലും ഞങ്ങൾക്ക് പ്രശ്നങ്ങളില്ല.

അടുത്തകാലത്ത് ബ്രിട്ടീഷ് രാജകുടുംബത്തെ തകർത്തുകൊണ്ടിരുന്ന ധാർമ്മികാധഃപതനത്തെക്കുറിച്ചു ആരാഞ്ഞപ്പോൾ ആർച്ച് ബിഷപ്പ് ഇപ്രകാരമാണ് പ്രതികരിച്ചത: "ബ്രിട്ടനിലെ പുരാതനവും ഉന്നത ശ്രേണിയിലുള്ളതുമായ സ്ഥാപനമാണ് രാജകുടുംബം. എന്നാൽ വിവാഹബന്ധങ്ങൾ തകരുന്നതിൽ ഞാൻ ദുഃഖിതനാണ്. രാജകുടുംബത്തിന്റെ കാര്യത്തിൽ മനഃപൂർവ്വം മൗനംപാലിച്ചതല്ല. ഇത്തരം കാര്യങ്ങൾ പരസ്യമായി പറയേണ്ട ആവശ്യമുണ്ടെന്നു തോന്നാത്തതിനാൽ പരസ്യമായി അഭിപ്രായപ്രകടനങ്ങൾ നടത്തിയിട്ടില്ല എന്നു മാത്രം.


സഭകൾ സ്ഥാപനവൽക്കരിക്കപ്പെടുന്നതിൽ ആർച്ച്ബിഷപ്പ് അസന്തുഷ്ടി പ്രകടിപ്പിച്ചു. ഇംഗ്ലണ്ടിലെ സഭയുടെ കാര്യത്തിൽ ഇത് കൂടുതൽ ബോദ്ധ്യമായിത്തുടങ്ങിയതിനാൽ ഘടനകൾ ലളിതവൽക്കരിച്ചു ജനങ്ങളുമായി കൂടുതൽ അടുക്കുവാൻ ശ്രമിച്ചു വരികയാണെന്നു ആർച്ച്ബിഷപ്പ് പറഞ്ഞു.

"ഘടനകൾ ലളിതവൽക്കരിക്കുവാൻ നടപടികൾ ആരംഭിച്ചുകഴിഞ്ഞു." ചർച്ച് ഓഫ് ഇംഗ്ലണ്ടുമായി നേരിട്ടു ബന്ധമുള്ള ഇന്ത്യയിലെ ഉത്തരേന്ത്യ സഭ (CNI), ദക്ഷിണേന്ത്യ സഭ (CSI) എന്നീ സഭകൾക്കുള്ള സന്ദേശമിതാണെന്നു ബിഷപ്പ് പറഞ്ഞു: "രണ്ടു സഭകളിലും ഇന്നു നിലവിലുള്ള വ്യവഹാരങ്ങൾ ദുഃഖകരമാണ്. ആത്മീക ദർശനത്തിലൂടെ ഉളവായ ഈ കൂട്ടായ്മയിലെ അംഗങ്ങൾ പുറത്തുള്ള ലൗകിക കോടതികളിൽ തീർപ്പിനുവേണ്ടി പോകുന്നത് ശരിയല്ല. പിന്നോട്ടു നോക്കി സമയം കളയാതെ പ്രസക്തമായ രീതിയിൽ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു മുമ്പോട്ടു പോകണം".

ജനങ്ങളെ പ്രേരിപ്പിച്ച്, പ്രലോഭിപ്പിച്ചു മതപരിവർത്തനം നടത്തുന്നതിനെതിരാണ് കാൻറർബറി ആർച്ച്ബിഷപ്പ്. "നമ്മുടെ നല്ല ജീവിതം കൊണ്ടാണ് മററുള്ളവരെ നമ്മളിലേക്ക് ആകർഷിക്കേണ്ടത്. ഇംഗ്ലണ്ടിൽ നിന്നു ഭാരതത്തിൽ വന്ന സി.എം.എസ്സ്. മിഷനറിമാർ കേരളത്തിലെ ദുർബലജനവിഭാഗങ്ങളുടെ വിദ്യാഭ്യാസത്തിനും ആതുരശുശ്രൂഷയ്ക്കുമാണ് പ്രാധാന്യം നൽകിയത്. ഈ സേവന പ്രവർത്തനങ്ങളിൽ വലിയൊരു സുവിശേഷവേല അടങ്ങിയിരുന്നു. സുവിശേഷവേലയും സഭയുടെ ദൗത്യവും എല്ലാം ഒന്നുതന്നെ".

ദരിദ്രകുടുംബത്തിൽ ജനിച്ചതിൽ അഭിമാനംകൊള്ളുന്ന ആർച്ച്ബിഷപ്പിനു ജീവിതത്തിന്റെ കഷ്ടപ്പാടുകളും പ്രയാസങ്ങളും നേരിൽ കാണുവാൻ സാധിച്ചു. ഈ അനുഭവങ്ങൾ നൽകിയ ഉൾക്കാഴ്ചയാണ് അദ്ദേഹത്തിന്റെ ബലം.

'ആഗോളവൽക്കരണം' ആധുനിക പ്രവണതയാണ്. വികസ്വര രാജ്യങ്ങളിലെ ദരിദ്രജനവിഭാഗങ്ങളെ പ്രതികൂലമായി ബാധിക്കുവാൻ സാദ്ധ്യതയുള്ള ഒന്നാണ് ആധുനികവൽക്കരണത്തിന്റെ ഭാഗമായുള്ള പുത്തൻ സാമ്പത്തിക നയം. ഉദാരവൽക്കരണനയം ആധുനിക കോളനീകരണം ആണെന്ന അഭിപ്രായത്തോട് ആർച്ച്ബിഷപ്പ് യോജിച്ചു.



ഇന്നു ഞങ്ങളുടെ സഭയിൽ 1400 സ്ത്രീ പട്ടക്കാർ ഉണ്ട്. ഇതിനെതിരെ ഉയർന്ന കാററും കോളും ശമിച്ചു ജനങ്ങളെ കാര്യ ങ്ങൾ പറഞ്ഞു മനസ്സിലാക്കുവാൻ ഞങ്ങൾ ക്ക് സാധിച്ചു. മററു സഭകളുമായുള്ള ബന്ധത്തിലും ഞങ്ങൾക്ക് പ്രശ്നങ്ങളില്ല.

"സ്വതന്ത്രമായ വിപണിക്ക് ഞാനെതിരാണ്. ദരിദ്രരുടെ ആവശ്യ ങ്ങൾ നാം കണക്കിലെടുക്കേണ്ടതുണ്ട്. നമുക്കുള്ള വിഭവങ്ങൾ മററുള്ളവരുമായി പങ്കിടുവാൻ നാം തയ്യാറാകണം. സ്വതന്ത്ര വിപണി നിമിത്തം പണക്കാർ കൂടുതൽ പണക്കാരായും ദരിദ്രർ കൂടുതൽ ദരിദ്രരായും തീരുന്നതാണു നാം കാണുന്നത്. ഇത് ശരിയല്ല"

'ഗ്രീൻ ബിഷപ്പ്' എന്ന പേരിൽ ലോകമെങ്ങും അറിയപ്പെടുവാനുണ്ടായ സാഹചര്യം ആർച്ച്ബിഷപ്പ് വിവരിച്ചു. "1975-ൽ ഞാൻ നടത്തിയ പ്രഭാഷണമാണ് 'ഞാൻ മനുഷ്യനിൽ വിശ്വസിക്കുന്നു' എന്നത്. അത് പിന്നീടു

-ശേഷം 8-ാം പേജിൽ

# മാരാമൺ ശതാബ്ദി കൺവൻഷൻ

സ്റ്റാഫ്റിപ്പോർട്ടർ



**നമ്മുടെ സമൂഹം മത്സരാധിഷ്ഠിത സമൂഹമായി മാറിക്കൊണ്ടിരിക്കുന്നയവസരത്തിൽ, ചില മൂല്യങ്ങളെ വെല്ലുവിളിക്കുവാനും, മറ്റുള്ളവർക്ക് മാതൃകയാക്കുവാൻ സഹായിക്കുന്ന പദ്ധതികളേറ്റെടുത്ത്, സാക്ഷികളായിത്തീരുവാനും സാധിക്കണം.**

മാരാമൺ കൺവൻഷൻ ശതാബ്ദിസമ്മേളനം 95 ഫെബ്രുവരി 12 മുതൽ 19 വരെ നടന്നു. കാൻറർബറി ആർച്ച് ബിഷപ്പിനെ കൂടാതെ ലോകത്തിൻെറ വിവിധ ഭാഗങ്ങളിൽ നിന്നുള്ളവർ പ്രസംഗകരായിരുന്നു. ശതാബ്ദിസമ്മേളനത്തിൻെറ ഭാഗമായി 100 പേരെ സുവിശേഷവേലയ്ക്കായി പ്രതിഷ്ഠിക്കുകയും ചെയ്തു.

ശതാബ്ദി സമ്മേളനത്തിന് അടുത്ത അഞ്ചു വർഷത്തിനുള്ളിൽ സഭയിലും സമൂഹത്തിലും നടപ്പിലാക്കുവാൻ സാധിക്കുന്ന ചില കർമ്മ പദ്ധതികൾക്ക് രൂപം കൊടുക്കാമായിരുന്നു. ഇരുപത്തിയൊന്നാം നൂറ്റാണ്ടിലേക്ക് പ്രവേശിക്കുമ്പോൾ, സഭയ്ക്ക് പുതിയ വെല്ലുവിളികൾ ഏറ്റെടുക്കേണ്ടി വരും. അടുത്ത അഞ്ചു വർഷം ജനങ്ങളെ സജ്ജമാക്കുന്ന അവസരമായി മാറ്റുവാൻ പദ്ധതികൾ ആവിഷ്കരിക്കാമായിരുന്നില്ലേ? ദൈവരാജ്യത്തിൻെറ മൂല്യങ്ങൾ നമ്മുടെ സമൂഹത്തിൽ പ്രയോഗത്തിൽ വരുത്തുവാൻ ചില കർമ്മപദ്ധതികളിലൂടെ സാധിക്കുമായിരുന്നു. നമ്മുടെ സമൂഹം മത്സരാധിഷ്ഠിത സമൂഹമായി മാറിക്കൊണ്ടിരിക്കുന്നയവസരത്തിൽ, ചില മൂല്യങ്ങളെ വെല്ലുവിളിക്കുവാനും, മറ്റുള്ളവർക്ക് മാതൃകയാക്കുവാൻ സഹായിക്കുന്ന പദ്ധതികളേറ്റെടുത്ത്, സാക്ഷികളായിത്തീരുവാനും സാധിക്കണം.

മാരാമൺ കൺവൻഷൻ മാർത്തോമ്മാ സഭാ ജനങ്ങളുടെ കൂടി വരവ് എന്നതിനേക്കാളുപരി, ക്രൈസ്തവരുടെ കൂടി വരവ് എന്ന രീതിയിലായി മാറിക്കഴിഞ്ഞിരിക്കുന്നു. കൺവൻഷൻ ചുമതലക്കാർ പത്രപ്രസ്താവനകളിലൂടെ പറഞ്ഞിരിക്കുന്നത് 25 ലക്ഷം പേർ കൺവൻഷനിൽ പങ്കെടുത്തു എന്നാണ്. ഓരോ കൺവൻഷനിലും പകുതിയോളം പേർ മാർത്തോമ്മാസഭാ വിഭാഗത്തിൽ പെടുന്നവരല്ല എന്നു പറയുന്നത് ശരിയായിരിക്കാം. അങ്ങനെയെങ്കിൽ ഓരോ കൺവൻഷൻ മീറ്റിംഗിലും മാർത്തോമ്മാ സഭയുടെ ആഭ്യന്തരകാര്യങ്ങൾ പറയുവാൻ വളരെ കൂടുതൽ സമയം എടുക്കുന്നത് ശരിയാണോ ? മാർത്തോമ്മാക്കാരല്ലാത്തവരെ കൂടി കണക്കിലെടുക്കുന്നത് ഒരു നല്ല കാര്യമല്ലേ? സംഘടനകളുടെ റിപ്പോർട്ടുകളും മറ്റും വിശദമായി കേൾക്കേണ്ടി വരുന്നു. പ്രസംഗത്തിൻെറ സമയം ചുരുങ്ങുന്നു. ഇതരസഭാവിഭാഗങ്ങളിലെ ജനങ്ങളുടെ ഈ പരാതി സുവിശേഷസംഘം ഗൗരവമായെടുക്കണം.

ഭാരതിയരല്ലാത്ത പ്രസംഗകരെ, ഭാരതിയ സാഹചര്യങ്ങൾ വേണ്ടവിധത്തിൽ ധരിപ്പിക്കുവാൻ സംഘാടകർ പരാജയപ്പെട്ടുവോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. മാരാമൺ കൺവൻഷൻ സാമൂഹ്യമണ്ഡലത്തിൽ ചെലുത്തിയ സ്വാധീനം സാമൂഹ്യ പ്രസ്ഥാനങ്ങൾക്ക് പ്രേരക ഘടകമായതും മറ്റും വേണ്ട വിധത്തിൽ മനസ്സിലാക്കികൊടുക്കുവാൻ സാധിച്ചിരുന്നെങ്കിൽ പ്രസംഗങ്ങൾ കൂടുതൽ മെച്ചപ്പെടുമായിരുന്നില്ലേ ? കാൻറർബറി ആർച്ച് ബിഷപ്പിൻെറ പ്രസംഗങ്ങൾ തികച്ചും ലളിതവൽക്കരിക്കപ്പെട്ടുപോയതിനു കാരണം ഈയൊരു പോരായ്മയാകാം എന്നാണഭിപ്രായം.

മാരാമൺ കൺവൻഷനിൽ മുഴങ്ങിക്കേട്ട ചിലരുടെ പ്രസംഗങ്ങളിലെ ചില ഭാഗങ്ങൾ പ്രസിദ്ധീകരിക്കുന്നു:



റൈറ്റ് റവ. ഗീവറുഗീസ് മാർ തിയോഡോഷ്യസ്

മത്സരാധിഷ്ഠിതമായ ലോകത്തിലാണ് നാം ജീവിക്കുന്നത്. ആളുകൾ തമ്മിൽ സ്ഥാനമാനത്തിനു വേണ്ടിയും മറ്റും മത്സരിക്കുന്നു. ലോകത്തിൽ ദൈവം നമ്മെ ആക്കിയിരിക്കുന്നത് അന്യോന്യം ബന്ധപ്പെട്ട് ജീവിക്കുന്നതിനാണ്. എന്നാൽ അന്യോന്യം ആശ്വസിപ്പിക്കുന്നതിനോ, അന്യോന്യം ബന്ധപ്പെടുന്നതിനോ നമുക്കിന്ന് സമയമില്ലാതെ വന്നിരിക്കുന്നു. ദുരന്തമനുഭവിക്കുന്നവൻ നമ്മോട് മത്സരിക്കുന്നതിന് വരില്ലെന്ന ചിന്തയാണ് പരസ്പരം ആശ്വസിപ്പിക്കാത്തതിൻെറ പിന്നിലുള്ള ചിന്ത. കൊച്ചുകുട്ടികളിൽ പോലും മത്സരസ്വഭാവം വളർത്തുന്നതിന് മാതാപിതാക്കൾ പ്രത്യേകം ശ്രദ്ധിക്കുന്നു. മത്സരാധിഷ്ഠിതമായ ലോകത്തിൽ അവസര സമത്വം ലഭിക്കുന്നില്ല എന്നത് ഇന്നിൻെറ ഒരു കാഴ്ചയാണ്. മത്സര ലോകത്തിൽ നാമൊക്കെ ഇന്ന് പങ്കുകാരാണ്. ഈ ദുസ്ഥിതി പരിതാപകരമാണ്. ഈ തെറ്റു തിരുത്തുന്നതിന് ഇന്നു നമുക്ക് സാധിക്കേണ്ടിയിരിക്കുന്നു.

നാമിന്ന് വസിക്കുന്ന ലോകം ഒരു ഉപഭോക്തൃ സമൂഹത്തിൻെറ ഭാഗമാണ്. വിറ്റഴിക്കുക, സ്വന്തമാക്കുക എന്നിവയിലാണ് മനുഷ്യൻെറ താല്പര്യം. ആവശ്യങ്ങളും ആഗ്രഹങ്ങളും തമ്മിൽ വ്യത്യാസമുണ്ട്. എല്ലാം നേടുവാൻ മനുഷ്യന് കഴിയില്ല. ഓരോന്നു നേടുമ്പോഴും പിന്നെയും പിന്നെയും നേടണമെന്ന അത്യാഗ്രഹം ഇച്ഛാഭംഗത്തിലേക്കും ആത്മഹത്യാ പ്രവണതയിലേക്കും മനുഷ്യനെ നയിക്കുന്നു. വിവേചനശക്തി മനുഷ്യന് നഷ്ടപ്പെടുന്നു. കേരളമൊട്ടുക്കും കെട്ടിടങ്ങൾ ഉയരുകയാണ്. ഞാൻ വച്ച വീട് ഭദ്രമായിരിക്കണമെന്ന ചിന്തയാണ് എല്ലാവർക്കുമുള്ളത്. ആർജ്ജിക്കുന്നതിനുള്ള വ്യഗ്രതയിൽ പങ്കുവയ്ക്കാൻ മറന്നു പോകുന്നു. സ്നേഹം, കരുതൽ പങ്കുവയ്ക്കൽ എന്നീ മൂല്യങ്ങൾ നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു.

ഇന്നത്തെ ലോകം അപഥസഞ്ചാരം നടത്തുന്നു. വിവേകവും നന്മയെക്കുറിച്ചുള്ള സങ്കല്പവും ഇന്നു വികലമായിക്കൊണ്ടിരിക്കുന്നു. 'മനുഷ്യൻെറ ഉള്ളിലെ ധാർമ്മിക നിലവാരം ഇന്ന് അസ്തമിക്കുന്നു' എന്നാണ് കാന്ത് എന്ന ദാർശനികൻ അഭിപ്രായപ്പെടുന്നത്. മയക്കുമരുന്ന് ഉപയോഗവും മോഷണ പ്രവണതയും, കൊലപാതകവുമൊക്കെ ഇന്ന് വർദ്ധിക്കുന്നു. ഇന്ന് ക്രിസ്ത്യാനികൾ നിഷ്ഠൂരന്മാരായ ബ്ലേഡുകളാണെന്ന് ചിലരെങ്കിലും അഭിപ്രായപ്പെടും. ഇതിൻെറയൊക്കെ ഫലമായി ജീവിതബന്ധങ്ങൾ വികലമായിക്കൊണ്ടിരിക്കുന്നു.

ഈ തകർച്ചകളിൽ നിന്ന് ഒരു പുതുക്കം നമുക്ക് ആവശ്യമല്ലേ ? സാഹചര്യങ്ങളെ അതിജീവിക്കുന്നതിനുള്ള ദാഹം ഇന്നു മനുഷ്യനുണ്ട്.

ദൈവസന്നിധിയിൽ ദൈവഇഷ്ടപ്രകാരം ജീവിക്കുന്നതിന് താല്പര്യപ്പെടുന്ന മനുഷ്യൻെറ ദാഹം.

പ്രതിസന്ധികളിൽ മനുഷ്യനിൽ ആശ്രയിക്കാതെ ദൈവത്തിലേക്ക് ചേർന്നുവരണമെന്നു പ്രവാചകൻ ഓർമ്മിപ്പിക്കുന്നു. 'മനുഷ്യനിൽ ആശ്രയിക്കുന്നതിനേക്കാൾ യഹോവയിൽ ആശ്രയിക്കുന്നത് നല്ലത്'.

പുതുക്കം നമ്മിൽ ഉണ്ടാകണമെന്ന് താത്പര്യമുണ്ടെങ്കിൽ ദൈവസന്നിധിയിലേക്ക് ചേർന്നുവരുന്നതിന് നാം ഒരുക്കമുള്ളവരായിരിക്കണം. പരിശുദ്ധനായ ദൈവത്തിൻെറ ദർശനം ഉൾക്കൊള്ളാൻ പ്രവാചകന് സാധിക്കുന്നു. ആരാധിക്കുന്ന മനുഷ്യൻ ദൈവസന്നിധിയിൽ തന്നെത്തന്നെ കണ്ടെത്തുന്നു. മത്സരാധിഷ്ഠിതമായ ലോകം നയിക്കുന്നതു സ്വയം കേന്ദ്രീകൃത ലോകത്തിലേക്കാണ്. എന്നാൽ ദൈവരാജ്യം നയിക്കുന്നതു ദൈവം കേന്ദ്രമായിട്ടുള്ള ലോകത്തിലേക്കാണ്. ഇവിടെ സ്വയം ക്രൂശിക്കപ്പെടുന്നു. നീതിമാനായ ദൈവത്തെ അറിയുന്ന മനുഷ്യൻ നീതിബോധമുള്ളവനായി സമൂഹത്തിലേക്ക് ഇറങ്ങിചെല്ലണം.

**ക്രിസ്ത്യാനികളായ നാം ദൈവത്തിന് പ്രസാദമായ ജീവയാഗമായി തീരേണ്ടതിന് ലോകത്തിനു രൂപം നല്കുക, രൂപാന്തരപ്പെടുക, ദൈവശബ്ദം കേട്ട് പുതിയ മനുഷ്യരാകുക.**



റൈറ്റ്. റവ. ജോൺ വി. ശാമുവേൽ

"പ്രാർഥന മറ്റുള്ളവരോട് നമ്മുടെ കരുതൽ അറിയിക്കുന്നതാണ്. എൻെറ ചുറ്റുപാടുമുള്ള മനുഷ്യരെ സംബന്ധിച്ച് ദൈവത്തോട് പറയുകയാണ് പ്രാർഥന. മറ്റുള്ളവർക്കുവേണ്ടി നാം പ്രാർഥിക്കുമ്പോൾ അവർക്കുവേണ്ടി പ്രവർത്തിക്കുന്നതിനുള്ള സന്നദ്ധതയും അതിൽ അന്തർഭവിച്ചിട്ടുണ്ട്.

ഉപവാസം വർജനവും പ്രാർഥന കരുതലുമാണ്, മറ്റുള്ളവരുടെ ആവശ്യങ്ങൾ അംഗീകരിക്കുകയാണ് ഉപവാസം. കർത്താവിൽ വിളങ്ങിയ ഒന്നാണിത്. ഇത് സഭയിലും വിളങ്ങേണ്ടിയിരിക്കുന്നു. ചില കാര്യങ്ങൾക്ക് ഉയർന്ന പ്രാധാന്യം നൽകുന്ന സ്വഭാവം സഭകൾക്കുണ്ട്. സ്നേഹിക്കുക എന്നത് ചിലരുടെ മാത്രം ചുമതലയല്ല, നാമെല്ലാവരും സ്നേഹിക്കുന്നതിനായി വിളിക്കപ്പെട്ടിരിക്കുന്നു. ആ അവസ്ഥയിലേക്ക് നാം വളരേണ്ടിയിരിക്കുന്നു.

സുവിശേഷ കൺവൻഷനുകളിലൂടെ രണ്ടു കാര്യങ്ങൾ സാധിക്കണം.

1. നാം യേശുക്രിസ്തുവിൻെറ ഉത്തമ ശിഷ്യന്മാരാണെന്ന ബോദ്ധ്യം ഉണ്ടാകണം.
2. മറ്റുള്ളവരുടെ ആവശ്യങ്ങളിൽ സഹായിക്കുന്നതിന് നാം വിളിക്കപ്പെട്ടിരിക്കുന്നു എന്ന ബോദ്ധ്യം ഉണ്ടാകണം.

"അവൻ പല്ലു കടിക്കുന്നു. വായിൽ വയ്ക്കുന്ന ഭക്ഷണപദാർഥത്തെ ചവച്ചരയ്ക്കുകയാണ് പല്ലിൻെറ ഉപയോഗം. അത് വയറിനെ സഹായിക്കുന്നതിനാണ്. എന്നാൽ അവൻെറ പല്ല് അതിന് ഉപയോഗപ്പെടുന്നില്ല. സമൂഹത്തിൽ മറ്റുള്ളവരെ സഹായിക്കുന്നതിനാണ് നമ്മെ ആക്കിയിരിക്കുന്നത്. ഉള്ളിലുള്ള ദേഷ്യം മൂലമാണ് പല്ലു കടി



ക്കുന്നത് ദൈവസൃഷ്ടിയുടെ ഒരു ഭാഗം മറ്റൊരു ഭാഗത്തെ സഹായിക്കുന്നതിനാണ്. എന്നാൽ അവരുടെ പല്ല് ഈ ധർമ്മം നിർവ്വഹിക്കുന്നില്ല."

## റവ. ഡോ. സാം കമലേശൻ

കുടുംബത്തെ നശിപ്പിക്കുന്ന എല്ലാറ്റിനും എതിരെ നാം പ്രവർത്തിക്കണം. കുടുംബത്തെക്കുറിച്ചുള്ള ഉത്തരവാദിത്വം എല്ലാവരും ഏറ്റെടുക്കണം. ആദിമ സഭ ഇതിന് പ്രാധാന്യം നല്കിയിരുന്നു. ഒരു ദൈവരാജ്യം ഉണ്ട്. നമുക്ക് ദൈവരാജ്യത്തിന്റെ മൂല്യങ്ങളെ നമ്മുടെ പാരമ്പര്യങ്ങൾ കൊണ്ട് നശിപ്പിക്കാൻ കഴിയുകയില്ല. നാം ദൈവരാജ്യത്തിന് സമർപ്പിക്കപ്പെട്ടവർ. ഇതിനെതിരെ ഉതയ്ക്കുന്നവൻ നശിച്ചുപോകും. സുവിശേഷകൻ ഫിലിപ്പോസ്, ദൈവരാജ്യത്തിന്റെ ആത്മീയതയും ഭൗതികതയും തമ്മിലുള്ള ധ്രുവീകരണമാണ് വെളിപ്പെടുത്തുന്നത്. ഇന്നത്തെ സമൂഹത്തിൽ രാഷ്ട്രീയക്കാർ ധ്രുവീകരണത്തെ വർദ്ധിപ്പിക്കുന്നു. അനുരഞ്ജനം ഫിലിപ്പിന്റെ ദൈവരാജ്യത്തിന്റെ സന്ദേശമാണ്.

## മോസ്റ്റ് റവ. ഡേവിഡ് എം. ഗിത്താരി

"നമ്മുടെ മാനസാന്തരം എളിയവരോട് ക്രിയാത്മകമായി പ്രതികരിക്കുന്നതാണ്. രൂപാന്തരത്തിന്റെ ആഴത്തിലേക്ക് നാം പോകണം. വിശക്കുന്നവർക്ക് ആഹാരം നല്കിയാൽ പോരാ. വിശപ്പിന്റെ ആധാരകാരണം അന്വേഷിക്കുന്നത് രൂപാന്തരത്തിന് ആവശ്യമാണ്.

സഭയെ ദൈവം വിളിച്ചത് ദാരിദ്ര്യത്തിന്റെ ആധാരം കണ്ടുപിടിക്കാനാണ്. അഴിമതിയും തെറ്റായ വിതരണസമ്പ്രദായവും ആയിരിക്കാം ദാരിദ്ര്യത്തിന്റെ കാരണം. ക്രിസ്ത്യാനികൾ രാഷ്ട്രീയ കാര്യങ്ങളിൽ ഇടപെടണം. കാര്യങ്ങൾ തെറ്റായി പോവുന്നത് കണ്ട് മിണ്ടാതിരിക്കാനല്ല. എല്ലാ മണ്ഡലങ്ങളിലും ക്രിസ്ത്യാനികൾ ഉണ്ടായിരിക്കണം. ഇവർ സമൂഹത്തിന് നല്ല മാതൃക ആയിരിക്കണം. നീതിയും ന്യായവുമുള്ള ഭരണം ഉണ്ടാകണം. അതുകൊണ്ട് ക്രിസ്ത്യാനികളായ നാം ദൈവത്തിന് പ്രസാദമായ ജീവയാഗമായി തീരേണ്ടതിന് ലോകത്തിനു രൂപം നല്കുക, രൂപാന്തരപ്പെടുക, ദൈവശബ്ദം കേട്ട് പുതിയ മനുഷ്യരാകുക."




"മോണിക്കയുടെ മകൻ അഗസ്റ്റിൻ പല പ്രത്യയശാസ്ത്രങ്ങളുടെ പുറകേ പോയിരുന്നു. എന്നാൽ ഈ അമ്മ തന്റെ മകനുവേണ്ടി പ്രാർത്ഥിക്കുമായിരുന്നു. അമ്മയുടെ മരണത്തിനു മുമ്പ് ഈ ചെറുപ്പക്കാരൻ മാനസാന്തരപ്പെട്ട് ഒരു ബിഷപ്പായിത്തീർന്നു. വിശ്വസിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുന്ന മാതാപിതാക്കളുടെ മക്കൾ അനുഗൃഹീതരായിത്തീരും.



മാരാമൺ കൺവൻഷൻ '95 കേരളാ കൗൺസിൽ ഓഫ് ചർച്ചസിന്റെ സ്റ്റാളിൽ കൂടി ന്യൂ വിഷൻ വരിസംഖ്യ സ്വീകരിക്കുവാനുള്ള ക്രമീകരണങ്ങൾ ചെയ്തിരുന്നു.

## പരിതസ്ഥിതി വാദിയായ.... 5-ാം പേജിൽ നിന്ന്

പുസ്തകമായി പുറത്തുവരികയും ചെയ്തു. പരിസ്ഥിതി സംരക്ഷിക്കേണ്ടതിന്റെ ആവശ്യകതയിലേക്കാണ് ആ പ്രഭാഷണം വിരൽചൂണ്ടിയത്. ആദ്യമായി പരിസ്ഥിതി സംരക്ഷണവുമായി ക്രൈസ്തവർ ബന്ധപ്പെടുന്നത് ആ സമയത്താണ്. പരിസ്ഥിതി വിഷയങ്ങളിൽ എന്റെ അഭിപ്രായങ്ങൾ വ്യക്തമാക്കിയതിനു ശേഷം പരിസ്ഥിതി വാദിയായി ഞാനറിയപ്പെടുന്നു. ബിഷപ്പായപ്പോൾ, പരിസ്ഥിതി സംരക്ഷണത്തിൽ എന്റെ താല്പര്യങ്ങൾ കണക്കിലെടുത്ത് ജനം നൽകിയ പേരാണ് ഗ്രീൻ ബിഷപ്പ് (Green Bishop).

"വികസിത രാജ്യങ്ങളിലെ ജനങ്ങൾ ലോകവിഭവങ്ങൾ ആവശ്യത്തിലധികം ഉപയോഗിച്ചു കഴിഞ്ഞു. ഇന്ന് ഞങ്ങൾ മൂന്നാം ലോകരാജ്യങ്ങളോട് ഉപദേശിക്കുന്നു "നിങ്ങൾ അധികം ഉപഭോഗിക്കരുത്", ഇത് ശരിയല്ല. ഊർജം സംരക്ഷിക്കപ്പെടണം. ലോക വിഭവങ്ങൾ എല്ലാവർക്കും തുല്യമായി ലഭിക്കണം. അമിതമായ ഉപഭോഗം ആരുടെ ഭാഗത്തു നിന്നും ഉണ്ടാവാൻ പാടില്ല. പരിസ്ഥിതി മലിനീകരിക്കപ്പെടാതെ സംരക്ഷിക്കുന്നതിൽ കൂടി മാത്രമേ ഭാവിയിൽ ഈ ഭൂമിയിൽ ജീവൻ തന്നെ നിലനില്ക്കയുള്ളു!"

പരിസ്ഥിതി സംരക്ഷണത്തിനു വേണ്ടിയുളള പ്രക്ഷോഭണങ്ങളിൽ സജീവ പങ്കാളിത്തം വഹിക്കുവാൻ ആർച്ച്ബിഷപ്പിനു അവസരം ലഭിച്ചിട്ടില്ല. ഇംഗ്ലണ്ടിൽ ആണവനിലയം സ്ഥാപിക്കുന്നതിനെതിരെ നടന്ന ഒരു പ്രക്ഷോഭണത്തിൽ സഹകരിക്കുവാൻ ഡോ. കേറിക്ക് സാധിച്ചിട്ടുണ്ട്. സാമൂഹ്യ സാംസ്കാരിക മേഖലകളിൽ ജനങ്ങളുടെ പക്ഷത്തു നിന്നു കാര്യങ്ങളെ കാണുവാൻ ശ്രമിക്കുന്ന ദൈവശാസ്ത്രജ്ഞനാണ് ഡോ. കേറി. രാഷ്ട്രീയാവേശ പ്രകടനങ്ങളോ, വികാരപരമായ പ്രസംഗങ്ങളോ ഒന്നുമില്ലാത്ത കാൻറർബറി ആർച്ച്ബിഷപ്പ് പക്വതയാർന്ന ഒരു ദൈവശാസ്ത്രജ്ഞനാണ്. ദൈവസൃഷ്ടിയായ മനുഷ്യനും പ്രകൃതിയും അതിലെ ജീവജാലങ്ങളും സഹകരിച്ചും പരസ്പരം കരുതിയും ജീവിക്കുന്നതിൽകൂടി മാത്രമേ പൂർണ്ണത കൈവരിക്കാനാവൂ എന്നു വിശ്വസിക്കുന്ന ഗ്രീൻ ബിഷപ്പ് നൂതന ശൈലിയുടെ ഉടമയായ ഒരിടയനാണ്.

# "LET THE WORDS OF MY MOUTH..."

Rev. P.K. Sunny

"Of your unspoken words you are the master,
of your spoken words, the servant, of your
written words, the slave." -A Quaker Proverb-

The words that come out of our mouth can bring far reaching consequences. We all stumble on our words. Tongue is a small part of our body, but it makes great boasts. As a great forest is set on fire by a small spark, tongue can corrupt one's whole life and tarnish one's total personality. Tongue can alienate God and man from us. So we have to use words with caution. Tongue can have power to direct, destroy and delight.

There was a quarrelsome husband and wife. Arguments and putting blame on each other were their daily affair. An aunt who knew them and their problems very well wanted to give them a New Year gift. She sewed Psalm 19: 14 "may the words of my mouth and the meditations of my heart be pleasing in your sight O Lord, my Rock and my Redeemer"- on a beautiful piece of cloth then framed it and gave it to them. One day as usual they began to argue and blame each other, suddenly they both happened to look at the framed verse and stopped bickering. Thereafter they began to control themselves by way of taming their tongue.

Job was in distress, his friends came to comfort him, but their words were insensitive, offensive, presumptuous, and long winded. Better a few words that help and heal than many that hinder and hurt. Once a preacher prayed, "Lord, fill my mouth with worthwhile stuff and stop me when I have said enough." There are said to be three tests through which our words must pass. First: is it true, then, is it needful and the last, is it kind?

Fiery words can defile a home and shatter a person. One of the sorrows our Lord had to bear when he was here on earth was the way his enemies talked about him. They called him a man "gluttonous and a wine bibber." Matthew 11:19. Even his own people sometimes said bad about him. "Only in his own hometown and in his own house is a prophet without honor." Matthew 13:57.

It is said that for every word in Hitler's book, *Meinkampf* one hundred and twenty five lives were lost in World War II. Our own words may not have caused wars or wrecked cities, but they can break hearts and ruin reputations. So are we supposed to make a New Year resolution that we will keep caution in making use of our tongue. Betternot make a resolution because January promises may be broken in February. What we really need to do is to seek the help of the Holy Spirit, to take control of our tongue and give words seasoned with salt, also we have to repent and resolve like Peter who denied Jesus but went out and wept bitterly. Michael Quoist the late French Priest had a wonderful prayer of confession:

Lord, don't look at me like that
For I am naked, I am dirty,
I am down,
Shattered, with no strength left
I dare make no promises
I can only lie bowed before you.

Rev. P.K. Sunny was formerly a lecturer in Bishop More College Mavelikara. At present he is the Minister of St. Peter's United Church of Christ in Murphysboro in U.S.A.

# THE MAKING OF A BISHOP

*Dr. Benjamin Isaac*

For the Christian churches scattered throughout the world, and who ardently believe in the institution of the Bishopric, installing of a Bishop is as important and significant as crowning a king. In the year 1947, a varied group of Protestant Christian denominations came together under one banner to form the Church of South India. However, one important issue that kept the uniting groups apart for a while was the institution of bishops in the nascent, uniting Church. The orthodox Anglican group kept insisting that the new, uniting Church must accept the institution of bishops, while those of the Reformed tradition in the group were totally averse to it. However, a consensus was thrashed out, since the coming together of the different denominations was urgent, with the imminent departure of the British Raj from India. In great haste, the agreement to unite was signed, known to-day as the declaration of "The Basis of Union". And even to this day, the united Church is struggling to discover the "Basis of Mission" for this union. This is one reason for the Church facing the present leadership crisis. And unless we help to bring about a timely solution to this great leadership crisis we are facing to day, we may not be able to arrest the rapid spread of this pernicious epidemic to the leadership issues facing our parishes, institutions and programmes.

**As a worker for over two decades in the Church related hospital in Bangalore, I had the opportunity to be involved in the various decision making bodies of the Diocese, and I witnessed in this period nearly three Bishops installed and retired. One thing was obvious: the road to the bishop's throne was never smooth.**

As a worker for over two decades in the Church related hospital in Bangalore, I had the opportunity to be involved in the various decision making bodies of the Diocese, and I witnessed in this period nearly three Bishops installed and retired. One thing was obvious: the road to the bishop's throne was never smooth.

I was intimately involved in one such episode. The Council had named the panel, the Synod had made its choice but the final symbolic approval by God at the Consecration Ceremony could not take place because the Civil Court had once again applied its veto. The Synod immediately mobilised its forces with lightning speed and had the Civil Court's "Stay order", vacated, precisely over the week-end. I was told it was all "Providential". Following this, the very next day, a Sunday, was hastily fixed for the consecration ceremony, because Monday would have been too late. Bishops for the task of laying of hands at the consecration service were flown from the four corners of the southern States of India; and those living nearer, travelled overnight in durable and trustworthy Mercedes Benz cars. The entire team arrived at the Cathedral in the early hours of Sunday morning, and even before a formal breakfast could be served, the Consecration Service was commenced behind the closed doors of the Cathedral, for fear that some dissidents would disturb the most solemn and sanctified service. The Bishop was consecrated, the doors of the Cathedral were thrown wide open and the world was presented with the newly consecrated Bishop of the Diocese. The whole consecration service was conducted almost on a war footing. Even though the Bishop was installed, I was sure the actual problem was not solved. The activist who had initiated the stay order was forgiven in good Christian fashion, and he was even inducted into the apex decision-making body of the Synod and Diocese. Strange indeed are the ways by which the Synod and the Diocese solve their problems!

Many in the Church have asked the question: is there any solution to this sordid state of affairs? Some have even gone to the extent of suggesting the total abolition of the post of Bishop. This is like saying that the best way to treat a headache is to cut off the head itself. It must be accepted that the Church needs a spiritual leader, and it is about time the Church authorities made a sincere attempt to look into the whole question of the institution of bishops in our Church, so as to avoid the regrettable scenes that faithfully take place at almost every consecration service.

The Constitution of the CSI has clearly set down the functions of a Bishop and the manner in which a bishop is made. And, of the ten functions enumerated in the Constitution, the first nine speak of his role of nurturing the pastors; taking a lead in Evangelism; he has a teaching role towards the priests and the laity, he has to oversee the worship in the Churches and prepare men and women for ordination as priests and bring about discipline among the priests and the congregation. No where in the list of functions is he assigned the role of an administrator. In fact, the tenth function is definitely averse to hisbeing an administrator when it says that the "bishop of the dioceses shall not as bishop or president of the Diocesan Council have any separate controlling authority over the finances of the Diocese".

**"The UNITING CHURCHES ACCEPTED THE HISTORIC EPISCOPATE IN ITS CONSTITUTIONAL FORM ONLY AS PART OF THE BASIS OF UNION. AND THE RELATION OF THE BISHOP TO HIS PEOPLE WAS TO BE THAT OF A CHIEF PASTOR... AND NOT AS LORD EITHER IN ACT OR TITLE"**

However, the reality today is otherwise: the Bishop is the Administrator, the Property Manager, and holds the Power of Attorney for buying and selling properties. More than ninety percent of his time is taken up in administering the Diocese, managing the affairs of the Church-related institutions like Schools, Colleges, Hospitals etc. The constitution provides for the post of an administrator and a property manager, but this post is often kept vacant for decades and the Bishops seem to have been happy to shoulder the responsibility of the administrator and property manager. I was told that a suitable administrator could not be found among the laity!

In my long years of services as a Diocesan employee, it was always a puzzle to me as to why there was such a scramble among the ordained ministers to occupy the Bishop's bungalow. And I fully endorse the view of many who attribute this stampede to the "POWER-PRESTIGE-PERKS" that the office brings, and least of all to the great spiritual responsibilities that go with the post. The manner in which the Bishop is to be made is clearly put down in twenty pages of the Constitution, whereas the functions hardly take up two pages. Inspite of the elaborate procedure laid down for the making of a Bishop, we see clearly that the making of a Bishop is primarily a game of numbers and the final outcome depends largely on how one can skilfully manipulate the numbers game! And we now have nearly fifty years of experience in this game!

Many would like to see "attempts at redeeming the Episcopacy", and at the same time many others with vested interests would like to maintain the status quo. In this context I can only make it known to many that from its very beginning, the CSI was not clear about its understanding of the institution of the bishopric. The whole thinking on this matter has been clouded with confusion. If only one can take time to interpret carefully the document "Basis of Union", it would be crystal clear that at the inception itself "The UNITING CHURCHES ACCEPTED THE HISTORIC EPISCOPATE IN ITS CONSTITUTIONAL FORM ONLY AS PART OF THE BASIS OF UNION. AND THE RELATION OF THE BISHOP TO HIS PEOPLE WAS TO BE THAT OF A CHIEF PASTOR... AND NOT AS LORD EITHER IN ACT OR TITLE". It was also recognized at the time the "Basis of Union" was signed, that "WITHIN THE UNITING CHURCHES, DIFFERING VIEWS AND BELIEFS PREVAILED ABOUT EPISCOPACY, WHICH HAVE BEEN FRANKLY RECOGNISED THROUGHOUT THE NEGOTIATIONS". The declaration further goes to say that "THE ACCEPTANCE OF EPISCOPACY BY THE UNITING CHURCHES IN WHICH THERE ARE SUCH DIFFERING VIEWS AND BELIEFS" and further continues to say that it was "NOT TO BE TAKEN AS COMMITTING THE UNITED CHURCH TO THE ACCEPTANCE OF ANY PARTICULAR INTERPRETATION OF THE EPISCOPACY AND, FURTHER, NO SUCH PARTICULAR IN TERPRETATION SHALL BE DEMANDED FROM ANY MINISTER OR MEMBERS OF THE UNITED CHURCH".

We can at once see that the uniting Churches probably accepted the institution of the Bishopric to facilitate their uniting under one name, little anticipating the continuing damage if could cause the Church. It is clear that confusion and chaos were there right at the beginning; it persisted after the union and it has continued to worsen as the years have gone by. The crisis thus created has not helped the Church in the least, but it has brought a growing disunity and discord right in the open. The Church truly needs a spiritual leader and therefore, change we must, but change requires a great measure of faith, sacrifice and courage; otherwise, the world is bound to say--people get the government they deserve!

[Dr. Benjamin Isaac is a former Medical Superintendent of the CSI Hospital Bengalore.]

Curtesy: People's Reporter

# നമ്മുടെ നാട്ടിലെ റാഹേലുമാർ ആരൊക്കെ ?

ഡോ. അന്നമ്മ ജോർജ്

**യോസെഫ് യേശുവിനെ ജനിപ്പിച്ചു എന്നു പറയുന്നതിനു പകരം മറിയയിൽ യേശു ജനിച്ചു എന്നാണ് പറയുന്നത്. വംശാവലിയിൽ പറഞ്ഞിരിക്കുന്ന നാലു സ്ത്രീകളുടെ കാര്യം നോക്കിയാലും അത് ഒരു പ്രധാന വ്യതിയാനം തന്നെ.**

“റമയിൽ ഒരു ശബ്ദം കേട്ടു. കരച്ചിലും വലിയ നിലവിളിയും തന്നെ.

റാഹേൽ മക്കളെച്ചൊല്ലി കരഞ്ഞു.

അവർ ഇല്ലായ്കയാൽ ആശ്വാസം കൈക്കൊൾവാൻ മനസ്സില്ലായിരുന്നു". (യിരെ. 31:15)

ലൂക്കോസിൻെറ വൃത്താന്തത്തിൽ യേശു പാവപ്പെട്ടവരുടെയും അടിച്ചമർത്തപ്പെട്ടവരുടെയും ഇടയിൽ ജനിച്ചു. അവർ ദീർഘകാലമായി കാത്തിരിക്കയായിരുന്നു. നോക്കു ശീമോനെയും ഹന്നായേയും (2:25-38). ബേത്ലഹേമിലെ അതിഥിമന്ദിരങ്ങളിലെങ്ങും സ്ഥലം ലഭ്യമല്ലായ്കയാൽ പുൽക്കൂട്ടിലാണ് യേശുവിൻെറ ജനനം. ഒരു കൂട്ടം ആട്ടിടയർ വാർത്തകേട്ടു യേശുവിനെ ചെന്നു കണ്ടു നമസ്ക്കരിച്ചു.

എന്നാൽ മത്തായിയുടെ വിവരണം മറ്റൊരു കാഴ്ചപ്പാടിലാണ്. അവിടെ കിഴക്കുനിന്നുള്ള വിദ്വാന്മാരും, ഹേരോദാവും ഉണ്ട്. ബേത്ലഹേമിലും അതിൻെറ എല്ലാ അതിരുകളിലും ഉള്ള ശിശുക്കളെ കൊല്ലിക്കുന്ന രക്തപങ്കിലമായ രംഗമാണ് പശ്ചാത്തലം. അമ്മമാരുടെ വിലാപം കേൾക്കാം. യേശുവിൻെറ ജനനം, നിലവിലുള്ള ഭരണ സംവിധാനത്തിനും ഭരണാധികാരികൾക്കും അങ്കലാപ്പു സൃഷ്ടിച്ചിരുന്നു. ലൂക്കോസിൻെറ ദൃഷ്ടിയിൽ ദുർബല ജനവിഭാഗത്തിന് യേശുവിൻെറ ജനനം സന്തോഷപ്രദവും വിമോചനദൗത്യം ഉൾക്കൊള്ളുന്നതുമായിരുന്നു. നേരേ മറിച്ച് മത്തായിയുടെ വിവരണം അനീതിയുള്ള ഭരണാധികാരികൾക്ക് ഭീഷണിഉളവാക്കിയതായി ചൂണ്ടിക്കാട്ടുന്നു. മരണവും മുറവിളിയും ഉണ്ടെങ്കിലും മത്തായിയുടെ വിവരണത്തിന് പ്രത്യാശയുടെ കിരണങ്ങൾ വീശുന്നത് ലൂക്കോസിൻെറ വിവരണത്തിൽകൂടെയാണ്.

യേശുവിൻെറ ജനനവൃത്താന്തത്തിൻെറ പശ്ചാത്തലം പുറപ്പാടു പുസ്തകത്തിൽ തുടങ്ങുന്നു. ആദ്യം യിസ്രായേലിൻെറ വീഴ്ച. ദൈവത്തിൻെറ വിമോചനദൗത്യത്തിൻെറ തുടക്കം മുതൽ നൂറ്റാണ്ടുകളിലെ പ്രവചനപാരമ്പര്യവും വെളിപാടു പാരമ്പര്യവും. പിന്നെ ദൈവജനത്തിൻെറ ലോകവ്യാപനം, സ്നാപക യോഹന്നാനിൽ കൂടെയുള്ള കുത്തിയൊഴുക്ക് പ്രധാന ഉറവയിൽ ചെന്നുനില്ക്കുകയാണ്. യേശുവിൽ. യിസ്രായേലിലെ ധീരവനിതകളുടെ കണ്ണീരും വിയർപ്പും കൂട്ടിയുള്ള സാഗരത്തിലെ വേലിയേറ്റം ഉഗ്രമാകുകയായിരുന്നു. ഈ വിമോചനശക്തിയുടെ തിരതള്ളലിൽ അവരുടേതായ ദേശസ്നേഹത്തേക്കാൾ കൂടുതൽ അവരുടെ ധീരതയും സാഹസികതയും അർപ്പണബോധവും ആധിപത്യം പുലർത്തി. യേശുവിൻെറ ജനനത്തെപ്പറ്റി പാടിയ എലിസബേത്തും, വിപ്ലവഗാനം മുഴക്കിയ മറിയയും മത്തായിയുടെ വംശപാരമ്പര്യപട്ടികയിലെ ഭാഗ്യദോഷികളായ നാലു സ്ത്രീകളും ഇതിൽ ഉൾക്കൊള്ളുന്നു. (താമാർ 1:3); റാഹാബ് (1:5) രൂത്ത് (1:5) ബേത്ത്ശേബ (1:6). എന്നിവർ നാൽവർ. മത്തായി നല്കുന്ന വംശപാരമ്പര്യത്തിൽ ഈ നാലു സ്ത്രീകളേയും കാണാം. പിന്നെ ഹേരോദാവു കൊല്ലിച്ച ശിശുക്കളുടെ മാതാക്കളെയും.

യേശുവിൻെറ ജനനത്തെപ്പറ്റി മത്തായി നല്കുന്ന വിവരണം പരിശോധിക്കാം.

**ദൈവജനത്തിൻെറ വിമോചകനായിരുന്ന മോശയെക്കാളും വലിയ വിമോചകനാണ് യേശു എന്നു സ്പഷ്ടമാക്കാൻ മത്തായി ശ്രമിക്കുന്നതായി കാണാം.**

കഥ പറയുന്നതിനു മുൻപേ തന്നെ യേശുവിൻെറ വംശാവലിയിൽ നാലു സ്ത്രീകളെ ഉൾപ്പെടുത്തിയിരിക്കുന്നു. യേശു അബ്രഹാമിൽ നിന്നു ദാവീദ് വംശത്തിൽ ജനിച്ചു എന്നു പറയുന്നുണ്ടെങ്കിലും അവസാനം യാക്കോബ് മറിയയുടെ ഭർത്താവായ യോസെഫിനെ ജനിപ്പിച്ചു. അവളിൽ നിന്നു ക്രിസ്തു എന്നു പേരുള്ള യേശു ജനിച്ചു. സാധാരണ ഓടിച്ചു വായിക്കുന്നവർ ഇതിലെ വ്യത്യസ്ത ശക്തീകരണം ശ്രദ്ധിക്കയില്ലായിരിക്കും. യോസെഫ് യേശുവിനെ ജനിപ്പിച്ചു എന്നു പറയുന്നതിനു പകരം മറിയയിൽ യേശു ജനിച്ചു എന്നാണ് പറയുന്നത്. വംശാവലിയിൽ പറഞ്ഞിരിക്കുന്ന നാലു സ്ത്രീകളുടെ കാര്യം നോക്കിയാലും അത് ഒരു പ്രധാന വ്യതിയാനം തന്നെ.

താമാരും, രൂത്തും, രാഹാബും ഊരിയാവിൻെറ ഭാര്യ ബേത്ത്ശേബയും പിതൃമേധാവിത്വ ചരിത്രം അടിച്ചേല്പിച്ച പീഡനവും കഷ്ടതയും അനുഭവിച്ചവരാണ്. സന്തതിയെ ജനിപ്പിക്കാനുള്ള പ്രതീക്ഷമൂലം അമ്മാവിയപ്പനോടുകൂടെ കിടക്ക പങ്കിടുവാൻ നിർബ്ബന്ധിതയായ താമാരും പുരുഷന്മാരുടെ ലൈംഗികാസക്തിക്കിരയായിരുന്ന രാഹാബും, യുവതിയായ വിധവയുടെ നിസ്സഹായത പ്രകടമാക്കിയ രൂത്തും, ശക്തനായ രാജാവിനാൽ ഭർത്താവ് നഷ്ടപ്പെട്ട ബേത്ത്ശേബയും യേശുവിൻെറ വംശാവലിയിൽ സ്ഥാനം പിടിച്ചത് അർത്ഥവത്താണ്.

ജീവിതത്തിൽ കഷ്ടതയും ബദ്ധപ്പാടും നിറഞ്ഞ ജീവിതം നയിച്ചവർ പലവിധത്തിലും യേശുവുമായി ബന്ധപ്പെട്ടിരുന്നു. കഴിഞ്ഞ കാലങ്ങളിലും ഇന്നും എന്നും സ്ത്രീകൾ പൊഴിച്ച കണ്ണുനീരിൻെറയും നെടുവീർപ്പിൻെറയും ആകെത്തുകയായിട്ടാണ് യേശു മനുഷ്യനായത്. യേശുവിൻെറ




## അടുത്ത ലക്കത്തിൽ

മാർത്തോമ്മാ സഭ കുന്നംകുളം മലബാർ ഭദ്രാസന എപ്പിസ്കോപ്പാ റൈറ്റ് റവ. ഡോ. ഗീവറുഗീസ് മാർ തീയഡോഷ്യസുമായി ന്യൂ വിഷൻ പ്രതിനിധി നടത്തിയ അഭിമുഖസംഭാഷണം പ്രസിദ്ധീകരിക്കുന്നു.

കന്യകാ ജനനം സംബന്ധിച്ച പാരമ്പര്യ വിശ്വാസത്തിന് വലിയ അർത്ഥമാണുള്ളത്. പുരുഷ സഹായം കൂടാതെ ദൈവം മറിയയുടെ ഗർഭപാത്രത്തിൽ ഉരുവായ ചരിത്രസംഭവം, കഴിഞ്ഞ കാലത്തെ പുരുഷമേധാവിത്വ സമൂഹഘടന ചെയ്ത പാപത്തിന്മേൽ സ്വർഗ്ഗത്തിന്റെ പ്രതികരണമാണ്.

യേശുവിന്റെ വംശപാരമ്പര്യത്തിൽ കാണുന്ന നാലു സ്ത്രീകളുടെ ജീവിതം പരിശോധിച്ചാൽ പേട്രിയാർക്കിവികലമാക്കിയ ചരിത്രം കാണാം. പേട്രിയാർക്കി ബലിയാടാക്കിയ സ്ത്രീകളുടെ സന്തതിയാണ് യേശു. യേശു പേട്രിയാർക്കി ഘടനയെ വെല്ലുവിളിച്ചു. പുരുഷമേധാവിത്വത്തിന്റെ വികല ചരിത്രത്തെ യേശു ന്യായംവിധിക്കുന്നു.

യിസ്രായേലിലെ മാതാക്കളുടെ മുറവിളിയുടെ മദ്ധ്യേയാണ് യേശു എന്ന പൈതൽ ജനിച്ചത്. മത്തായി, ചരിത്രത്തിലെ സംഘട്ടനങ്ങളും ദുരന്തങ്ങളും സ്ഫുടമായും യഥാർത്ഥമായും വിവരിച്ചിരിക്കുന്നു. ദൈവരാജ്യവും അനീതിയുള്ള ഭരണകർത്താക്കളും തമ്മിലുള്ള സംഘട്ടനം വ്യക്തമാണ് ആദിമുതൽ യേശുവിന്റെ ജീവിതം മാനവചരിത്രത്തിലെ കഠിനമായ കഷ്ടപ്പാടുകളോടു ബന്ധപ്പെട്ടിരുന്നു. മത്തായിയുടെ വിവരണം യാഥാർത്ഥ്യബോധത്തോടുകൂടിയുള്ളതാണ്. മത്തായി നമ്മോടു പറയാൻ ശ്രമിക്കുന്ന ചരിത്രത്തിലെ സംഘട്ടനങ്ങളും ദുരന്തങ്ങളും എന്തൊക്കെയാണ്? ശിശുക്കളെകൊല്ലിച്ചത് പലയാഥാർത്ഥ്യങ്ങളും വെളിപ്പെടുത്തുന്നു. യേശുവിന്റെ ജനനവും മോശയുടെ ജനനവും തമ്മിൽ പലകാര്യത്തിലും സാമ്യമുണ്ട്. ഈജിപ്തിൽ ഫറവോൻ എബ്രായരുടെ ആൺകുട്ടികളെ കൊല്ലാൻ കല്പനനല്കിയതുപോലെ ഹേരോദാവും അതേവിധത്തിലുള്ള ഭീകരകൃത്യം

> **പുതിയ രാജാവിന്റെ വരവ് ധനവാന്മാർക്കും ശക്തരായ ഭരണാധികാരികൾക്കും ഭയം ജനിപ്പിക്കുന്നതായിരുന്നു. അവർക്ക് യേശുവിനെ അംഗീകരിപ്പാൻ സാധ്യമല്ല. ഫറവോൻ ശിശുക്കളെ കൊന്നിട്ടും മോശയെ ദൈവം രക്ഷിച്ചു. അതുപോലെ ഹേരോദാവിൽ നിന്ന് യേശുവിനെയും രക്ഷിച്ചു.**

ചെയ്യിക്കുന്നു. ഹേരോദാവു മരിച്ചപ്പോൾ ദൈവദൂതൻ ഈജിപ്തിലായിരുന്ന യോസേഫിനോടു യിസ്രായേൽ നാട്ടിലേക്കു മടങ്ങിപ്പോകുവാൻ കല്പിച്ചു. (മത്താ. 2:19-20) ഈ വാചകങ്ങൾ പുറ. 4:19നോടു സമാന്തരമാണ്. മിദ്യാനിലായിരുന്ന മോശെയോട് "നിനക്കു ജീവഹാനി വരുത്തുവാൻ നോക്കിയവർ മരിച്ചുപോയി" എന്നു ദൈവം പറഞ്ഞു.

ദൈവജനത്തിന്റെ വിമോചകനായിരുന്ന മോശെയെക്കാളും വലിയ വിമോചകനാണ് യേശു എന്നു സ്പഷ്ടമാക്കാൻ മത്തായി ശ്രമിക്കുന്നതായി കാണാം. ഈജിപ്തിലെ അടിമത്തത്തിൽ ഞരങ്ങിയ എബ്രായർ ഒരു വിമോചകനെ കാത്തിരുന്നതുപോലെ റോമൻ നുകത്തിൽ കഷ്ടപ്പെട്ട യിസ്രായേൽ ജനം കാത്തിരുന്ന വിമോചകനാണ് യേശു. പുറപ്പാടു സംഭവത്തിനു ശേഷം ആയിരം വർഷം പിൻചെന്നപ്പോഴാണ് യേശു വരുന്നത്. യേശുവിന്റെ ജനനം ജനങ്ങളുടെ നീണ്ട കാത്തിരിപ്പിനു അന്ത്യം വരുത്തി.

ആയിരം വർഷങ്ങൾക്കു മുമ്പ് മോശെ ജനിച്ചപ്പോൾ എബ്രായർ ഈജിപ്തിന്റെ അടിമത്തം ഉപേക്ഷിക്കുമെന്നു ഫറവോൻ ഭയപ്പെട്ടതുപോലെ ഹേരോദാവും ഒരു പുതിയ രാജാവിന്റെ ജനനത്തിൽ സംഭ്രമിച്ചു. പുതിയ രാജാവിന്റെ വരവ് ധനവാന്മാർക്കും ശക്തരായ ഭരണാധികാരികൾക്കും ഭയം ജനിപ്പിക്കുന്നതായിരുന്നു. അവർക്ക് യേശുവിനെ അംഗീകരിപ്പാൻ സാധ്യമല്ല. ഫറവോൻ ശിശുക്കളെ കൊന്നിട്ടും മോശെയെ ദൈവം രക്ഷിച്ചു. അതുപോലെ ഹേരോദാവിൽ നിന്ന് യേശുവിനെയും രക്ഷിച്ചു. കൊല്ലപ്പെട്ടവർ ദൈവത്തിന്റെ വിമോചനപ്രക്രിയയിലെ രക്തസാക്ഷികളാണ്. പഴയതും പുതിയതും തമ്മിലുള്ള സംഘർഷത്തിന്റെ രക്തസാക്ഷികൾ. മിറിയാമും എബ്രായ നേർസുമാരും മോശെയെ രക്ഷിച്ചതുപോലെ മറിയയും യോസേഫും യേശുവിനെ കൊണ്ടുപോയി രക്ഷിച്ചു. ചരിത്രത്തിൽ മനുഷ്യർ പലവിധ ആദർശങ്ങൾക്കു വേണ്ടി അന്യോന്യം സംഹരിക്കുമ്പോൾ സ്ത്രീകളുടെ പങ്ക്, വേദന സഹിക്കുകയും, കഷ്ടപ്പെടുകയും കാത്തിരിക്കുകയും മാത്രം ആയിരുന്നു. പുതിയ യുഗപ്പിറവിക്കു വേണ്ടി കാത്തിരിക്കുമ്പോൾ ചരിത്രത്തിന്റെ പിന്നാംപുറങ്ങളിൽ റാഹേലിന്റെ വിലാപം കേൾക്കാം. റാഹേലിനെ കുടുംബക്കല്ലറയിൽ അടക്കാതെ ബേത്ലഹേമിലാണല്ലോ അടക്കിയത്. തന്റെ മക്കളെ അശൂരിലേക്കു അടിമകളായി കൊണ്ടുപോയതിനു ശേഷം റാഹേലിന്റെ പ്രേതം ബേത്ലഹേമിലെ കല്ലറകളിൽ മക്കളെ അന്വേഷിച്ചു അലഞ്ഞുതിരിഞ്ഞു നടക്കുന്നു എന്നും ജനങ്ങളുടെയിടയിൽ ഒരു സങ്കല്പമുണ്ടായിരുന്നു. അതാണ് യിരെമ്യാവ് സൂചിപ്പിക്കുന്നത്.

നമ്മുടെ നാട്ടിലെ റാഹേലുമാര് ആരൊക്കെയാണ്? പുതിയയുഗപ്പിറവിയിലെ രക്ത സാക്ഷികളുടെ മാതാക്കൾ?

(ഡോ. അന്നമ്മ ജോർജ്, മാർത്തോമ്മാ സേവികാസംഘം മുൻ ജനറൽസെക്രട്ടറിയും വനിതാ ബോധിനി ചീഫ് എഡിറ്ററുമാണ്.) ●

# സി.എസ്സ്.ഐ. യുടെ ചിഹ്നം കത്തുന്ന കുരിശല്ല

ബിഷപ്പ് മൈക്കിൾ ജോൺ

അർത്ഥവത്തായ ഒരു ഔദ്യോഗിക ചിഹ്നമാണ് ചർച്ച് ഓഫ് സൗത്ത് ഇൻഡ്യക്കുള്ളത് - പൂർണമായ ഒരു വൃത്തവും അതിനുള്ളിൽ ഒരു താമരപ്പൂവും ഒരു കുരിശും, യേശുക്രിസ്തുവിൻെറ മഹാപുരോഹിത പ്രാർത്ഥനയിൽ നിന്ന് എടുത്ത "അവർ എല്ലാവരും ഒന്നാകേണ്ടതിന്" (യോഹ. 17:21) എന്ന വാക്യവും, ചർച്ച് ഓഫ് സൗത്ത് ഇൻഡ്യ എന്ന പേരും വൃത്തത്തിൽ എഴുതിയിരിക്കുന്നു.

മദ്രാസിന് അടുത്ത് തംബരത്തുവച്ചു കൂടിയ സി.എസ്സ്.ഐ സിനഡിൻെറ എക്സിക്യൂട്ടീവ് കമ്മിറ്റിയാണ് ഔദ്യോഗിക ചിഹ്നം അംഗീകരിച്ചത്. പിന്നീട് അത് സിനഡ് സമ്മേളനവും അംഗീകരിച്ചു. ഏതാനും കലാകാരന്മാർ വരച്ച ചിത്രങ്ങൾ (കാലം ചെയ്ത) ബിഷപ്പ് ജ്ഞാനദാസൻ തിരുമേനിയാണ് കൺവീനർ എന്ന നിലയിൽ അവതരിപ്പിച്ച് സംസാരിച്ചത്. സബ്ക്കമ്മിറ്റി ഉചിതമായി തെരഞ്ഞെടുത്ത ചിത്രം എക്സിക്യൂട്ടീവ് കമ്മിറ്റി ഏകകണ്ഠമായി അംഗീകരിച്ചു. ആ ചിത്രമാണ് ഇന്നും സി.എസ്സ്.ഐ. യുടെ ഔദ്യോഗിക ചിഹ്നം. ഈ ലേഖകനും ആ എക്സിക്യൂട്ടീവ് കമ്മിറ്റിയിലെ അംഗമായിരുന്നു. ബിഷപ്പ് ജ്ഞാനദാസൻ ചിത്രത്തെപ്പറ്റി നല്കിയ വിശദീകരണം ഇതാണ്.

1. സഭകളുടെ ഐക്യം.

യേശുക്രിസ്തുവിൻെറ മഹാപുരോഹിതപ്രാർത്ഥനയിൽ "അവർ എല്ലാവരും ഒന്നാകേണ്ടതിന്" എന്നുള്ള ആഗ്രഹത്തിൻെറ സഫലീകരണത്തിൻെറ ഭാഗമാണ് സി.എസ്സ്.ഐ സഭയുടെ രൂപീകരണം. ദക്ഷിണേന്ത്യയിലെ നാലു സഭകളുടെ യോജിപ്പ് ഉചിതവും മനോഹരവുമായിരിക്കുന്നു എന്നു പൂർണമായ വൃത്തം സൂചിപ്പിക്കുന്നു. ഒടിവും വളവുമില്ലാത്തവൃത്തം വ്യത്യസ്ത പാരമ്പര്യങ്ങളുണ്ടായിരുന്ന സഭകളുടെ സുന്ദരമായ യോജിപ്പിനെ പ്രത്യക്ഷമാക്കുന്നു. കർത്താവിൻെറ പ്രാർത്ഥനയിലെ ഐക്യത്തിനുള്ള അപേക്ഷയും ചർച്ച് ഓഫ് സൗത്ത് ഇൻഡ്യ എന്ന പേരും വൃത്തത്തിൽ എഴുതിയിരിക്കുന്നതും അർത്ഥവത്താണ്.

2. താമരപ്പൂവ്

ഇൻഡ്യയുടെ ദേശീയ പുഷ്പമാണ് താമരപ്പൂവ്. ദക്ഷിണേന്ത്യാ സഭ തികച്ചും ഒരു ദേശീയ സഭയാണെന്നും വിദേശആധിപത്യം അതിനുണ്ടായില്ലെന്നും ദേശീയ പുഷ്പം സൂചിപ്പിക്കുന്നു. മാത്രമല്ല ദക്ഷിണേന്ത്യാ സഭയ്ക്ക് ജന്മനാടിനോടും അതിൻെറ സംസ്ക്കാരത്തോടും ആദരവും പ്രതിബദ്ധതയുമുണ്ടെന്നും ദേശീയ പുഷ്പം പ്രകടമാക്കുന്നു.

3. തീജ്വാലകൾപോലെ തോന്നിക്കുന്ന ഇതളുകൾ

സഭയ്ക്ക് ആത്മീക പ്രചോദനം നല്കുന്ന പരിശുദ്ധാത്മാവിനെയാണ് തീനാളങ്ങൾ സൂചിപ്പിക്കുന്നത്. അത് ഒന്നിനേയും ദഹിപ്പിക്കുന്ന തീനാളങ്ങളല്ല; പ്രത്യുത സഭ ജ്വലിച്ചു പ്രകാശിക്കുന്ന അനുഭവമുള്ളതായിരിക്കണം എന്ന് അർത്ഥമാക്കുന്നു. മോശമരുഭൂമിയിൽ കണ്ട തീജ്വാലയുടെ അത്ഭുതകരമായ പ്രത്യേകത അതു മുൾപ്പടർപ്പിനെ ദഹിപ്പിച്ചില്ല എന്നതാണല്ലോ. പെന്തെക്കോസ്തുനാളിൽ ഒരുമിച്ചു കൂടിയിരുന്നവരുടെ മേൽ പരിശുദ്ധാത്മാവ് ആവസിച്ചപ്പോൾ "അഗ്നിജ്വാലപോലെ പിളർന്നിരിക്കുന്ന നാവുകൾ അവർക്കു പ്രത്യക്ഷമായി" (അപ്പോ. പ്രവൃ. 2:2) എന്നു നാം വായിക്കുന്നു. അതേ അഗ്നിനാവുകളേയാണ് സി.എസ്സ്.ഐ.യുടെ ഔദ്യോഗിക ചിഹ്നത്തിലും ഉൾക്കൊള്ളിച്ചിരിക്കുന്നത്.

4. കുരിശ്

കുരിശിനേപ്പറ്റി വിശദീകരണം ആവശ്യമില്ലല്ലോ. പഴയ കാലത്തെ കഴുകുമരം ക്രിസ്തുവിൻെറ മരണം മൂലം പവിത്രമായിത്തീർന്നു. കുരിശു കാണുന്ന ഏതൊരുവ്യക്തിയും ക്രൂശിക്കപ്പെട്ട യേശുവിനെ സ്മരിക്കുന്നു. കാൽവറിയിൽ മനുഷ്യവർഗത്തിൻെറ പാപപരിഹാരാർത്ഥം സ്വയം ബലിയായി സമർപ്പിച്ച ക്രിസ്തുവിന് മരക്കുരിശ് ബലിപീഠമായിത്തീർന്നു. ആ കുരിശാണ് ദക്ഷിണേന്ത്യസഭയും ഉയർത്തിക്കാണിക്കുന്നത്. ആ കുരിശിലാണ് വിശുദ്ധ പൗലോസ് പ്രശംസിക്കുന്നത്.

കുറെ വർഷങ്ങളായി മദ്ധ്യകേരളത്തിൽ സി.എസ്സ്.ഐ. യുടെ ഔദ്യോഗിക ചിഹ്നം "കത്തുന്ന കുരിശ്" ആണ് എന്നൊരു വ്യാഖ്യാനം പ്രചാരത്തിൽ വന്നിട്ടുണ്ട്. ചിലരുടെ പ്രസംഗങ്ങളിലും, അച്ചടിച്ചു പ്രസിദ്ധം ചെയ്ത പുസ്തകങ്ങളിലും ഔദ്യോഗിക മാസികകളിൽപോലും ഈ തെറ്റായ വ്യാഖ്യാനം പ്രത്യക്ഷപ്പെടുകയുണ്ടായി. ഇത് ഒട്ടും ശരിയായ വ്യാഖ്യാനമല്ല. ക്രൈസ്തവരാരും കുരിശു കത്തിക്കുന്നവരല്ല. രണ്ടാം ലോകമഹായുദ്ധത്തിൽ ഇംഗ്ലണ്ടിലെ ഒരു പ്രസിദ്ധ കത്തീഡ്രൽ ജർമ്മൻകാർ ബോംബിട്ടു നശിപ്പിച്ചു. കത്തിചാമ്പലായ ദേവാലയത്തിൻെറ അവശിഷ്ടങ്ങളിൽ നിന്നു രണ്ടു പലകക്കഷണങ്ങൾ ഉപയോഗിച്ച് അവിടെ ഒരുകുരിശ് ഇടവകക്കാർ നാട്ടി. അതു കണ്ടവരുടെയെല്ലാം ഹൃദയം വേദനിച്ചു. കുരിശു കത്തിക്കുന്ന ദുഷ്ടനാണ് ഹിറ്റ്ലർ എന്നത് മനുഷ്യമനസ്സിൽ ആ നീചകൃത്യത്തോടുകൂടുതൽ വെറുപ്പുളവാക്കി. ആ കുരിശിൻെറ ചിത്രങ്ങൾ ലോകത്തിൽ വളരെ പ്രചരിച്ചിട്ടുണ്ട്.

ഇന്ന് കുരിശ് കത്തിക്കുന്ന ഒരു കൂട്ടർ മാത്രമേ ലോകത്തിലുള്ളു. അമേരിക്കയിലെ ക്യൂക്ലക്സ് ക്ലാൻ (Ku-Klux-clan) എന്ന ഭീകരസംഘടന. വെളുത്തവരല്ലാത്ത എല്ലാ മനുഷ്യരോടും വിദ്വേഷമുള്ള ഒരു കൂട്ടരാണവർ. അമേരിക്കയിലെ നീഗ്രോകളെയും ഏഷ്യക്കാരേയും അവിടെനിന്ന് ഓടിക്കണമെന്ന് അവർ ആവശ്യപ്പെടുന്നു. കറുത്ത വർഗക്കാരെ അവർ വളരെ പീഡിപ്പിച്ചിട്ടുണ്ട്. അവരെ ഭയപ്പെടുത്തുവാൻ വേണ്ടി രാത്രികാലങ്ങളിൽ മലമുകളിലും മറ്റും കുരിശുനാട്ടി, തുണിചുറ്റി, എണ്ണയൊഴിച്ചു കത്തിക്കും. ഇതുകാണുന്നഎല്ലാകറുത്തവർഗ്ഗക്കാരും ഏഷ്യക്കാരും ഭയപ്പെട്ടുവിറയ്ക്കാറുണ്ട്. അടുത്ത കാലത്തും ഈ ഭീകരസംഘടനയുടെ ചില അക്രമങ്ങൾ ടെലിവിഷനിലും പത്രങ്ങളിലും റിപ്പോർട്ടുചെയ്യപ്പെട്ടു.

സി.എസ്സ്.ഐ. യുടെ ഔദ്യോഗ ചിഹ്നത്തെപ്പറ്റിയുള്ള തെറ്റായ വ്യാഖ്യാനത്തെപ്പറ്റി ഈ ലേഖകൻ മുൻമോഡറേറ്റർ ബിഷപ്പ് സോളമൻ ദ്വരസ്വാമിയോടു പറയുകയുണ്ടായി. അദ്ദേഹവും ഏതാനും മറ്റു ബിഷപ്പുമാരും ഇതു കേട്ടു ഞെട്ടി. സി.എസ്സ്.ഐയുടെ ഔദ്യോഗിക ചിഹ്നം കത്തുന്നകുരിശല്ല. കുരിശുകത്തിക്കുന്നവർ ദക്ഷിണേന്ത്യയിലുണ്ടെങ്കിൽ അവർ മറ്റൊരു ക്യൂക്ലക്സ് ക്ലാൻ ആണ്; സംശയമില്ല.

# SOME THOUGHTS ON CHRISTIAN PSYCHOLOGY

REV. DR K.S. GEORGE, (U.S.A.)

- Peace will come to you when you realize that God who gave you the desire for health, happiness, and security can bring all your dreams to pass in Divine Order.
- Maintain the peacefui, harmonious atmosphere in the home. Remember that children grew up in the image and likeness of the dominant atmosphere in the home.
- You can tune in on the God of peace within you and experience the peace that passeth understanding.
- You cannot find inner peace until you empty your mind of all the poison pockets of hate, ill will, and self-condemnation. You do this by filling your soul with God's love.
- Tranquilizers will not give you poise or peace of mind because they are transitory. The cause is in you own thought and feeling. Busy your mind with the thoughts of peace, harmony, love and good will to all. Your changed mental attitude will give you peace and harmony.
- The great joy is in overcoming and meeting the challenges of life. The thrill, the joy, and the ecstasy is in solving the crossword puzzles of life and not by drugging yourself so that you lose all initiative and incentive.
- Remember, you alone are responsible for the way you think. You are the only thinker in your universe. How do you think?
- Hatred is a deadly poison which debilitates the entire organism. Get your thoughts in tune with Divine love and harmony, and you will find inner peace.
- Your faith must be placed in the guidance of God, in the love of God, in the harmony of God, and in Divine law and order. Real faith must be placed in the working of your conscious and subconscious mind and in the truths of God which never change. Let your faith be in God and all things good, and wonders will happen in your life.
- Your thought is creative, and you are what you think all day long. This knowledge will deliver you from countless fears, worries, forebodings, and trepidation of all sorts.
- Love is the fulfilling of the law of health, happiness, and peace. Love is being loyal and devoted to the One Power, the Supreme Cause, and to know no other. When you love God you will love all men.
- Remember, you go where your vision is. Think big, feel big, and know in your heart that you are one with God, and you will project a radiance, a joy, and a healing vibration which bless all who come within your orbit now and forevermore.

## തീയിടല്ലേ......

ചപ്പുചവറുകൾ കൂട്ടി തീയിടുന്ന കാഴ്ച
എവിടെ നോക്കിയാലും കാണാം.
ഈ കാലായൊരുക്ക് മണ്ണിൻെറ മരണക്കെണിയാണ്
ചപ്പുചവറുകൾ പൊടിഞ്ഞു ചേർന്നാലേ
മണ്ണു വളക്കൂറുള്ളതാകു.
തീയിടുമ്പോൾ ഈ വളക്കൂറാണ് നമ്മൾ
നഷ്ടപ്പെടുത്തുന്നത്.
ചപ്പുചവറുകൾ പൊടിഞ്ഞുണ്ടാകുന്ന വളം
ചാരത്തേക്കാൾ ഫലപ്രദമാണ്.
ഇവ തീയിടാതെ മണ്ണിനു മുകളിൽ
പുതയായി വിതറുക.
മണ്ണു ചുടാകാതെ, ഈർപ്പം നിലനിർത്താൻ
ചവറുകളുടെ പുത സഹായിക്കും.

## വായനക്കാരുടെ ശ്രദ്ധയ്ക്ക്

ഇത് ഒരു എക്യുമെനിക്കൽ പ്രസിദ്ധീകരണമാണ്. വ്യത്യസ്ത സഭകളിലെ ജനങ്ങളുടെ പിന്തുണയിലും സഹകരണത്തിലുമാണ് ഈ പ്രസിദ്ധീകരണം മുന്നോട്ടു പോകുന്നത്. വ്യത്യസ്ത വീക്ഷണങ്ങൾ അവതരിപ്പിക്കുക, ആശയങ്ങൾ കൈമാറുവാൻ അവസരം ഒരുക്കുക എന്നിവ ഈ പ്രസിദ്ധീകരണത്തിൻെറ ലക്ഷ്യങ്ങളാണ്. നിങ്ങളുടെ സംഭാവനകൾ അയച്ചുതന്നു പ്രസിദ്ധീകരണത്തെ സഹായിക്കുവാനഭ്യർത്ഥിക്കുന്നു. നിങ്ങളുടെ വിലപ്പെട്ട അഭിപ്രായങ്ങളും അറിയിക്കുക.

മാനേജർ, ന്യൂ വിഷൻ,
മാങ്ങാനം, കോട്ടയം 18

# സീതയും രാധയും



സീതയുടെ വീട് നല്ല ഭംഗിയുള്ളതാണ്. അതിന് ചുറ്റും ചെറുതും വലുതുമായി പല വീടുകളും ഉണ്ട്. ആ വീടുകളിൽ എല്ലാം ഒന്നും രണ്ടും കുട്ടികൾ വീതമുണ്ട്. അവരിൽ മിക്കവരും സീതയുടെ കൂട്ടുകാരാണ്. അവരുടെ കൂടെ കളിക്കാൻ അവൾക്കെന്ത് ഇഷ്ടമാണെന്നോ? സ്ക്കൂൾ വിട്ട് വന്നാൽ ഉടനെ തന്നെ സീത അവരുടെ അടുത്തേക്ക് പോകും. പിന്നെ അവർ പലതരം കളികൾ കളിക്കും.

സീതക്ക് ഏറ്റവും ഇഷ്ടമുള്ള കൂട്ടുകാരിയാണ് രാധ. രാധയുടെ അച്ഛൻ കൂലിവേലക്കാരനാണ്. അവരുടെ വീട് വളരെ ചെറുതാണ്. സീതയുടെ വീട്ടിൽ ഉള്ളതുപോലെ സൗകര്യങ്ങൾ ഒന്നും അവിടെ ഇല്ല. വെളിച്ചം കിട്ടാൻ അവർ മണ്ണെണ്ണവിളക്കുകളാണ് ഉപയോഗിക്കുന്നത്. കുടിക്കാനുള്ള വെള്ളം സീതയുടെ വീട്ടിലെ കിണറ്റിൽ നിന്നാണ് കൊണ്ടുപോകുന്നത്. ആ വെള്ളം കുളിക്കാനായി ഉപയോഗിക്കാൻ രാധയുടെ അമ്മ സമ്മതിക്കില്ല. അവരെല്ലാം കുളിക്കാനായി അകലെ ഉള്ള ആറ്റിലേക്കു പോകും. അതിൽ നല്ല വെള്ളമാണ് ഉള്ളത്. ആറ്റിൽ നീന്തിക്കുളിക്കാൻ രാധക്ക് വളരെ ഇഷ്ടമാണ്. പക്ഷേ, ആറ്റുകടവുവരെ നടക്കണ്ടേ? അതുകൊണ്ട് എല്ലാ ദിവസവും കുളിക്കാൻ പോകുകയില്ല.

രാധ കളിക്കുന്നതിനിടയിലും ചിലപ്പോൾ കൈവിരലുകൾക്കിടയിൽ ചൊറിയുന്നത് കാണാം. പലപ്രാവശ്യം രണ്ടു കയ്യിലും ചൊറിയും. മാന്തിത്തുടങ്ങിയാൽ ഒരുപാട് നേരം ചൊറിയും. അപ്പോൾ അവളുടെ കണ്ണിൽനിന്ന് വെള്ളം വരാറുണ്ട്. ചിലപ്പോൾ കൈ ഏതെങ്കിലും മരത്തിലിട്ട് ഉരയ്ക്കും. കൈയ്യിൽ ചോര പൊടിയുന്നത് കാണുമ്പോൾ സീതക്ക് സങ്കടം വരും.

പടിഞ്ഞാറെ വീട്ടിലെ നബീസ രാധയെ എപ്പോഴും കളിയാക്കും. രാധ മാന്തുന്നത് കാണുമ്പോൾ അവൾ കൈ കൊട്ടി പാടും.

"പടച്ചോൻ തന്നൊരു ചൊറിയാണേ
ഇത് മാന്താൻ ശേലുള്ള ചൊറിയാണേ
മാന്തുന്നേരം കണ്ണിൻറുള്ളില്
മലവെള്ളം നിറയണ കാണാലോ."!

ഇത് കേൾക്കുമ്പോൾ രാധ കരയാൻ തുടങ്ങും. അപ്പോൾ സീത നബീസയുമായി വഴക്കിടും.

ഒരു ദിവസം കളിക്കാൻ വന്നപ്പോൾ നബീസ കൈ ചൊറിയുന്നത് കണ്ടു. സീതയാണ് അത് കണ്ടുപിടിച്ചത്. അവൾ കൂട്ടുകാരെയും കാണിച്ചുകൊടുത്തു.

'കുട്ടിക്ക് അങ്ങനെ തന്നെ വേണം.' എല്ലാവരും നബീസയോട് പറഞ്ഞു.

പല ദിവസങ്ങൾ കഴിഞ്ഞപ്പോൾ സീതക്കും കൈകാലുകളിൽ ചൊറിച്ചിൽ അനുഭവപ്പെട്ടു തുടങ്ങി. ഓരോ ദിവസം ചെല്ലുന്തോറും അത് കൂടിക്കൊണ്ടിരുന്നു. രാത്രിയിലാണ് ശക്തിയായ ചൊറിച്ചിൽ. ഉറക്കം ശരിക്ക് കിട്ടാതായി. പകലൊക്കെ ഉറക്കം തൂങ്ങിയിരിക്കും. കൺപോളകൾക്ക് വീക്കം കാണാമായിരുന്നു.

സീതയുടെ അമ്മക്ക് ഇതെല്ലാം കണ്ടപ്പോൾ പരിഭ്രമമായി. അമ്മയുടെ സഹോദരൻ രാജൻ ഡോക്ടറാണ്. എഴുത്തയച്ചപ്പോൾ അമ്മാവൻ വന്നു.

സീതയുടെ കൈ കണ്ടപ്പോൾതന്നെ അമ്മാവൻ പറഞ്ഞു "ഇത് 'സ്കാബീസ്' ആണല്ലോ"

'എന്ന് പറഞ്ഞാൽ എന്താ?', അമ്മ ചോദിച്ചു.

'ചൊറി തന്നെ', തലയിലെ 'പേനി'ൻെറ വർഗത്തിൽപ്പെട്ട ഒരുതരം കീടങ്ങളാണ് ഇത് ഉണ്ടാക്കുന്നത്.

'അതിന്, ഇവളെ ഞാൻ എന്നും വളരെ വൃത്തിയായി ആണല്ലോ നടത്തുന്നത്. അവളുടെ തലയിലാണെങ്കിൽ ഒരു പേൻപോലുമില്ല.'

'തലയിൽ പേൻ വേണമെന്നില്ല ഇത് കിട്ടാൻ', അമ്മാവൻ ചിരിച്ചുകൊണ്ട് പറഞ്ഞു; 'ഒരാളുടെ ദേഹത്തുനിന്ന് മറ്റൊരാളുടെ ദേഹത്തിലേക്ക് പകരുന്നതാണ് ഈ രോഗം'

അമ്മ പറഞ്ഞു, 'ഇവിടെ ആർക്കും ഇതില്ലല്ലോ'.

'അവളുടെ കൂട്ടുകാർക്ക് ആർക്കെങ്കിലും ഈ രോഗം ഉണ്ടായിരിക്കാം'.

'ശരിയാണ്', സീത പെട്ടെന്ന് പറഞ്ഞു: 'നമ്മുടെ രാധയുടെ ദേഹത്ത് മുഴുവൻ ചൊറിയാണ്'.

'അവളൊക്കെ വളരെ വൃത്തികേടായി അല്ലേ നടക്കുന്നത്: എന്നും കുളിക്കുകയും കൂടി ഇല്ല', അമ്മ തുടർന്നു; 'പക്ഷേ ഇത്രയും ശുചിയായി നടക്കുന്ന ഇവൾക്ക് എങ്ങനെ ഇത് വന്നു?'

അമ്മാവൻ പറഞ്ഞു; 'ശരിക്ക് കുളിക്കാതെ ഒക്കെ നടക്കുന്നവരിൽ ആയിരിക്കാം ഇത് ആദ്യം വരുന്നത്. പക്ഷേ അവരുമായി അടുത്തു പെരുമാറുന്ന ആർക്കും ഈ രോഗം പകരാം. അതിന് ശുചിത്വം ഉള്ളവരാണോ അല്ലയോ എന്ന വ്യത്യാസമില്ല'.

'ശരീരത്തിൻെറ ചില ഭാഗങ്ങളിൽ ആണല്ലോ ഇത് കൂടുതലായി കാണുന്നത്. അതെന്താ?', സീത ചോദിച്ചു.

'രോഗ ഹേതുക്കളായ കീടങ്ങൾ ത്വക്കിൽ ചെറിയ സുഷിരങ്ങൾ ഉണ്ടാക്കി അവയ്ക്കുള്ളിലാണ് താമസിക്കുന്നത്. ശരീരത്തിൻെറ ചില ഭാഗങ്ങളിലെ ത്വക്ക് കൂടുതൽ മാർദ്ദവമുള്ളതാണ്. അവിടെ താവളങ്ങൾ ഉണ്ടാക്കാൻ എളുപ്പമാണ്. അതുകൊണ്ട് ആ ഭാഗങ്ങളിൽ കീടങ്ങളെ കൂടുതലായി കാണാം.'

'ഏതെല്ലാം ഭാഗങ്ങളിലാണ് സാധാരണയായി കൂടുതൽ കാണുന്നത്?' അമ്മയുടെ ജിജ്ഞാസ ഉണർന്നു.

'കൈയ്യിൻെറയും കാലിൻെറയും

വിരലുകൾക്കിടയിലും, കാൽ ഒടികളിലും, വയറിന് മീതെയും രോഗം കൂടുതൽ കാണും'.

'രാത്രിയിലാണല്ലോ അമ്മാവാ! സഹിക്കാൻ വയ്യാത്ത ചൊറിച്ചിൽ. രാത്രിയിൽ ഇങ്ങനെ കൂടാൻ എന്താ കാരണം?' സീത ചോദിച്ചു.

'രാത്രിയിൽ ഈ കീടങ്ങൾ മുട്ട ഇടാൻ തങ്ങളുടെ താവളങ്ങളിൽ നിന്നു പുറത്തുവരും. അപ്പോൾ കൂടുതൽ ചൊറിച്ചിൽ അനുഭവപ്പെടും'.

അമ്മ ചോദിച്ചു. 'ഇതിന് ചികിത്സ വല്ലതും ഉണ്ടോ?'

'ഉണ്ട്', അമ്മാവൻ പറഞ്ഞു.

'മരുന്നുകൾ പുരട്ടുന്നത് കൂടാതെ ശരീരം ചൂടുവെള്ളത്തിൽ തേച്ചുകഴുകണം. മൂന്ന് ദിവസമാണ് മരുന്നു പുരട്ടുന്നത്. ഓരോ ദിവസവും വസ്ത്രങ്ങൾ മാറണം. പഴയ വസ്ത്രങ്ങൾ വെള്ളത്തിൽ അധികം നേരം ഇട്ട് തിളപ്പിക്കണം'.

സീതയെ നോക്കിക്കൊണ്ട് അമ്മാവൻ തുടർന്നു. 'നിങ്ങൾ കൂട്ടുകാരികൾ എല്ലാവരും ഒരേ ദിവസങ്ങളിൽ തന്നെ മരുന്ന് തേയ്ക്കണം. അല്ലെങ്കിൽ, ഒരാളുടെ മാറിയതിനുശേഷം, മറ്റൊരാ. ളിൽ നിന്നു വീണ്ടും രോഗം പകരാം'.

മരുന്ന് എഴുതിക്കൊടുത്തതിനു ശേഷമാണ് അമ്മാവൻ മടങ്ങിപ്പോയത്.

* * * *

ചൊറി ഉണ്ടാക്കുന്ന 'പേൻ' വർഗത്തിൽപ്പെട്ട കീടങ്ങളുടെ പേര് 'സാർകോപ്റ്റസ് സ്കാബേ' എന്നാണ്. ഗോളാകൃതിയിലുള്ള എട്ട് കാലുകളുള്ള ഇവയെ നഗ്നനേത്രങ്ങൾകൊണ്ട് വളരെ സൂക്ഷിച്ചു നോക്കിയാൽ മാത്രം ഏകദേശം കാണാം. പുറകുവശം ഉരുണ്ടും അടിഭാഗം പരന്നും ഒരു ആമയുടെ ആകൃതിയിലുള്ള ഇവയ്ക്ക് 0.4 മില്ലീമീറ്റർ ആണ് വലുപ്പം. നാല് കാലുകൾ മുമ്പിലും മറ്റവ പുറകിലും ആണ്. മുമ്പിലുള്ള കാലുകൾക്ക് അവയുടെ അഗ്രഭാഗത്തായി നാളാകൃതിയിലുള്ള 'സക്കേഴ്സ്' എന്ന അവയവങ്ങൾ ഉണ്ട്.

ത്വക്കിൽ സുഷിരങ്ങൾ ഉണ്ടാക്കി പെൺ കീടങ്ങൾ 30 വരെ മുട്ടകൾ ഇടുന്നു. മൂന്നോ നാലോ ദിവസങ്ങൾക്കുള്ളിൽ മുട്ടകൾ വിരിഞ്ഞ് ലാർവ്വകൾ പുറത്തുവരുന്നു.

ലാർവ്വകൾ രോമങ്ങളുടെ അടിഭാഗം തുരന്ന് 3 ദിവസങ്ങൾക്കകം, 'നിംഫ്' എന്ന അടുത്ത ഘട്ടത്തിലേയ്ക്ക് പ്രവേശിക്കുന്നു.

ആറോ എട്ടോ ദിവസങ്ങളോടുകൂടി നിംഫുകൾ പൂർണ്ണ വളർച്ചയെ പ്രാപിക്കുന്നു.

**Dr. Joseph Mathi**
Rajagiri School of Social Sciences

## സൂക്ഷിക്കുക! പൂക്കൾ വാസനിയ്ക്കരുത്

കേരളത്തിലെ പല നേഴ്സറികളിലും മാസത്തിൽ രണ്ടു തവണ വീതം കീടനാശിനികൾ റോസാച്ചെടികളിലും മറ്റു പൂച്ചെടികളിലും തളിയ്ക്കപ്പെടുന്നു. ഈ പൂക്കൾ വാസനിയ്ക്കുമ്പോൾ ശ്വാസകോശം വഴി കീടനാശിനികൾ നിങ്ങളുടെ രക്തത്തിൽ കലരാം. നമ്മുടെ പൂക്കടകളിലെത്തുന്ന പൂക്കളും കീടനാശിനികളുടെ അംശമുള്ളതായി കണ്ടിട്ടുണ്ട്. ദേവന് അർപ്പിയ്ക്കുന്ന പൂക്കളിലും അതിഥിയ്ക്കു നൽകുന്ന ബൊക്കെയിലും വരണമാല്യത്തിൽ പോലും അപകടം പതിയിരിക്കുന്നു.

# വായനക്കാർ സംസാരിക്കുന്നു

വായനക്കാർ സംസാരിക്കുന്നു

1) ന്യൂ വിഷൻ കിട്ടി. നന്നായിരിക്കുന്നു. ക്രിസോസ്തം തിരുമേനിമായുള്ള അഭിമുഖം കൊള്ളാം............"

ടി.കെ. തോമസ്, ബാംഗ്ലൂർ

•

2) ന്യൂ വിഷൻ 12-ാം ലക്കം മുൻലക്കങ്ങളെ അപേക്ഷിച്ചു നന്നായിട്ടുണ്ട്. പ്രസിദ്ധീകരണത്തിൻെറ പിന്നിൽ പ്രവർത്തിക്കുന്ന വർക്ക് അഭിനന്ദനങ്ങൾ.

മാത്യു തോമസ്,
എറണാകുളം.

•

3) മാരാമൺ ശതാബ്ദി സ്പെഷ്യൽ, അവസരോചിതമായിരുന്നു. മാർത്തോമ്മാ മെത്രാപ്പോലീത്ത, ഐറേനിയസ് തിരുമേനി എന്നിവരുമായുള്ള അഭിമുഖങ്ങൾ വിജ്ഞാനപ്രദമായിരുന്നു. പല അഭിപ്രായങ്ങളോടും വിമർശനമുണ്ട്. ഈ പ്രതികരണങ്ങൾ സഭയ്ക്കുള്ളിൽ തുറന്ന ചർച്ച ചെയ്യപ്പെടണമെന്ന അഭിപ്രായമാണെനിക്ക്. അപ്രകാരമുള്ള ചർച്ചകൾ സഭയ്ക്കുള്ളിൽ തന്നെ നടക്കും എന്നു പ്രതീക്ഷിക്കുന്നു.

രാജൻകുഞ്ഞ്, മണിമല.

•

4) എല്ലാ സഭയിലെയും ബിഷപ്പുമാർ ഉപദേശക സമിതിയിൽ ഉണ്ടായെങ്കിൽ മാത്രമേ എക്യുമെനിക്കൽ ദർശനം ഉണ്ടാകു എന്ന് ന്യൂ വിഷൻ ചുമതലക്കാർക്ക് ഒരു ധാരണയുണ്ടെന്നു തോന്നുമല്ലോ.

ടി. നൈനാൻ, കളമശ്ശേരി.

•

5) ന്യൂ വിഷനിൽ വരുന്ന വിജ്ഞാനപ്രദങ്ങളായ അഭിമുഖങ്ങൾ മലയാളം അറിയുവാൻ പാടില്ലാത്ത ഞങ്ങളുടെ കുട്ടികൾക്ക് കൂടി വായിച്ചാൽ കൊള്ളാമെന്നുണ്ട്. എന്തുകൊണ്ട് അത് ഇംഗ്ലീഷിൽ കൂടി പ്രസിദ്ധീകരിച്ചുകൂടാ?

സാച്ചൻ ശമുവേൽ
യു.എസ്സ്.എ

•

6) I am enclosing herewith a cheque for the sum Rs. 100 (one hundred only) being my contribution for the year 1995. New Vision has improved all round.

In the early forties and the early fifties Singapore Courts used to sentence accused persons to simple imprisonment. Later on this was changed to binding over with sureties. The accused persons used to be invariably women and attempts to take one's own life was by swallowing easily obtainable poison like caustic soda; hanging cases were rare.

Long time back - in the fifties - I remember a young lady, with children being charged with attempted suicide, and being bound over. After about 40 years the couple recently visited me. All their children are well educated, well - employed and married. The couple themselves are happily getting old.

Jacob Mathew
Wattacheril
Kulasekharam

# TIME TO CHANGE

Mor Nicholovos Zachariah

വടക്കൻ അമേരിക്കയിലെ യാക്കോബായ സഭയിലെ ആർച്ച്ബിഷപ്പ് മാർ നിക്കോളവോസ് സഖരിയ, അമേരിക്കയിലെ കേരളീയ ക്രൈസ്തവരോട് ചെയ്ത പ്രഭാഷണമാണിത്. നമുക്ക് മററു സമൂഹങ്ങളിൽ നിന്നു വ്യത്യസ്തമായ ഉന്നത മൂല്യബോധമുണ്ടെന്നു നാം അഭിമാനിക്കുന്നു. നമ്മുടെ സംസ്ക്കാരത്തിന്റെ മാഹാത്മ്യം മനസ്സിലാക്കുവാൻ നാം അയൽക്കാരെ അനുവദിക്കുക. അയൽവക്ക സമൂഹങ്ങളുമായി ബന്ധപ്പെടുമ്പോൾ, നമ്മുടെ സംസ്കാരത്തെ ഒരു പുതിയ വെളിച്ചത്തിൽ കാണുവാൻ ഇടയായേക്കാം. ഇവിടെ വളർച്ച ആരംഭിക്കുന്നു.

The Indian Christian community has come a long way from the early years of emigration, when a small number of our people who came here to study or work gathered occasionally for prayers and worship. Through the years this number increased substantially and consequently the need for the development of formal organised structure also was felt.

All of us admit that members of our community are caught up in a cultural dilemma. On the one hand we live with the fear of losing our own familial, spiritual and cultural values and on the other hand we face the difficulty of living in this society without being an integral part of it. Mostly the fear forces us to create our own *ghettos* where we attempt to recreate the life style which we had left behind in our little Kerala. In this process people tend to equate the church with this ghetto and the church thus becomes a prison or a symbol of cultural bondage instead of the symbol of liberation we experience in Jesus Christ.

What is the outcome of this ghetto mentality of ours? Redundancy and decadence! As a community uprooted from its natural environments, we face a problem of survival. This is aggravated by the ghettoism. In our own secluded ghettos we are like tropical plants kept in the botanical gardens. If and when anything happens to the artificial environment, the plant withers away. This actually is happening to us here. We too vanish when we are out of the ghetto. The fear of melting away when one gets out of the ghetto, encourages the guardians of the ghetto mentality to strengthen and perpetuate the ghetto. For many it is the best way or even the only way to preserve our cultural identity, even when they themselves consider it as burdensome and suffocating.

**The children are the real victims of these ghettos. We the grown ups, who have come from Kerala enjoy this ghetto because it brings to us the nostalgia of Kerala life; it gives us the happiness of being in a time machine through which we have stopped the movement of time. But alas for the children, their childhood is being taken away. They are like birds enclosed in golden cages.**

The children are the real victims of these ghettos. We the grown ups, who have come from Kerala, enjoy this ghetto because it brings to us the nostalgia of Kerala life; it gives us the happiness of being in a time machine through which we have stopped the movement of time. But alas for the children, their childhood is being taken away. They are like birds enclosed in golden cages.

What can we do in this dilemma? There is a general notion that we have only two options. First option is to continue to be in the artificial world of the ghetto and consider this the best and blessed life. The other option is to let ourselves go, jump into the melting pot of the American society and become an integral part of this society through cultural integration. It may look as if these are the only two options before us. It is true only for those who seek easy options. It is in situations like this that our faith is being challenged and its usefulness questioned.

If we confuse the faith of the church with culture we will be making a major error. Although the faith is expressed partially through culture, faith cannot be identified with one culture. Church transcends cultural, national, social and ethnic barriers. In a situation like the one we experience here in America, where each family experiences the

# TIME TO GROW

tension, the solution is not an easy one. If we opt for one of the easy solutions mentioned above it will be suicidal.

If we opt for the ghetto mentality and succeed in keeping our children in the ghetto there is a distinct possibility of their flying away into the land of no return the moment they feel free to assert their freedom. These ghetto children will have problems in adjusting to the life in an unprotected and open environment.

If we opt for the second choice of throwing all our values overboard and climb into the band wagon of cultural assimilation it will be still worse and there will be no more 'WE'

In this predicament we have to search for a new option. I think the new option is confrontation and mutation. We cannot achieve anything by avoiding or running away from the problems. We have to admit the realities and should be willing to look for solutions. Let us first of all admit that we are no longer in Kerala, the possibility of many of us returning to Kerala is only very remote and the environment in which we live is different. The first step in our search for a meaningful life here is the acceptance of the realities. If we are able to do this it is easier for us to have an openness to our new environment and new needs. As we achieve the inner openness we will see this in a new light and the need for change will dawn within us. We will realize our own insufficiency in dealing with it and we will look up to God for guidance.

Any change is painful and it is more so for a Diaspora community.

**Any change is painful and it is more so for a Diaspora community. This was the experience of the Israelites also. When God led them to freedom from Egypt, at the first instance of a problem they questioned Moses who was chosen by God to lead them. Likewise we also are used to certain ways.**

This was the experience of the Israelites also. When God led them to freedom from Egypt, at the first instance of a problem they questioned Moses who was chosen by God to lead them. Likewise we also are used to certain ways. To change those time honoured customs and traditions is painful for us. We are worried about the future. The uncertainty of the unknown future dissuades many of us to part with the familiar customs and traditions. As a Diaspora community we do not have the natural environment where a natural growth takes place. For us the clock has stopped the day when we boarded the flight from India and this has brought stagnation and decadence to our lives. We are not aware of the changes taken place back in Kerala since our departure and because of our indifference we do not make any changes in our life style. Thus we have made ourselves into a stunted community.

As we open ourselves we realize that there are thousands of things in this society which are helpful for us and our growth. The opening up of ourselves will help others also to see us in a new light. We truly believe that we have a value system which is better than that of the surrounding society. Let us relate ourselves with our neighbours and share our lives with them. Let our neighbors see the beauty of our culture and be influenced by it. Let them understand that there is more to Indian culture than the curry smell. As we relate ourselves openly to others we also may look into ourselves and will come across areas within us that need to be changed. We will see ourselves in a new light. With this our growth begins, we will see new horizons and new visions.

This is the challenge we have to face. The purpose of the formation of the new Archdiocese should not be considered as the strengthening of the ghetto, but its demolition. With the establishment of this new Archdiocese we have begun our search for a new identity, the search for a meaningful and relevant expression of our faith, a search for new interpretations of the faith of our fathers, a search for new traditions. Let us jointly do this search with the guidance of the Holy Spirit.

IT IS TIME FOR US TO CHANGE, IT IS TIME FOR US TO GROW

# ജർമ്മൻ ശൈലികൾ ഏകോപിപ്പിക്കുന്ന മാർഗരറ്റ് കുര്യൻ

പ്രൊഫ. മാത്യു കോശി

“ഭർത്താവും ഭാര്യയുമായി അഭിപ്രായ വ്യത്യാസങ്ങൾ ഉണ്ടായാൽ ഒരുമിച്ചു താമസിക്കുവാൻ നിർബ്ബന്ധിക്കരുത് ” കേരളത്തിൽ ഇരുപതോളം വർഷങ്ങൾ താമസിച്ചിട്ടുള്ള ജർമ്മൻകാരി മാർഗരറ്റ് കുര്യൻെറ അഭിപ്രായം.

“സാധാരണ വിവാഹം ഇരുപത് വയസ്സിനും മുപ്പത് വയസ്സിനുമിടയിലായിരിക്കും. പ്രായമാകുന്തോറും സ്വഭാവത്തിലും കാഴ്ചപ്പാടിലും മാറ്റങ്ങളുണ്ടാകുന്നു. തുടർന്നു മാനസികമായി ചേരാതെ വന്നാൽ മാറിത്താമസിക്കുന്നതാണ് നല്ലത്. വിവാഹം കഴിച്ചു എന്നതിൻെറ പേരിൽ ജീവിതാന്ത്യം വരെ ഒരുമിച്ചു



മാർഗരറ്റ്കുര്യൻ

താമസിക്കുവാൻ സഭയും സമൂഹവും നിർബ്ബന്ധിക്കുന്നത് യാതൊരു വിധത്തിലും നീതീകരിക്കാവുന്നതല്ല.”

“കുട്ടികളുടെ സമ്പൂർണ വികാസത്തിന് ഒരുമിച്ചു താമസിക്കുന്നതല്ലെ നല്ലത്?”

“ദിവസവും മദ്യപിച്ചു വരുന്ന ഭർത്താവ് യാതൊരു ധാർമ്മിക മൂല്യങ്ങൾക്കും വില കല്പിക്കാത്ത ഭർത്താവ്, കുടുംബത്തിൻെറ കാര്യങ്ങൾ ശ്രദ്ധിക്കാത്ത ഭർത്താവ്, ഇത്തരത്തിലുള്ള ഒരു മനുഷ്യനുമായി, എങ്ങനെയാണ് ഒരുമിച്ചു പോകുക? മറിച്ചുള്ള ഭാര്യയുമായും ഭർത്താവിന് ഒരുമിച്ചു താമസിക്കുവാൻ പ്രയാസം നേരിടും. ഇപ്രകാരമുള്ള കുടുംബത്തിൽ കുട്ടികളുടെ വ്യക്തിത്വം തന്നെ വികലമാക്കപ്പെടും. മാറിത്താമസിക്കുന്നത് കുട്ടികളുടെ ഭാവിക്ക് പ്രയോജനമായിത്തീരാം.

“കുട്ടികളുടെ ഭാവിക്ക് രണ്ടുപേരും ഒരുമിച്ചു താമസിക്കുന്നത് ആവശ്യമാണെങ്കിൽ, ഒരുമിച്ചു താമസിക്കണമെന്നു തന്നെയാണ് ഞാൻ പറയുന്നത്. ഒരുമിച്ചു താമസിക്കുന്നത് അർത്ഥമില്ലാതെയായാൽ, ഒറ്റയ്ക്കു താമസിക്കുന്നതാണു വഴി സമൂഹത്തിനു കൂടുതൽ പ്രയോജനം ചെയ്യുവാൻ സാധിക്കുന്നതെങ്കിൽ വിവാഹ ബന്ധം വേർപെടുത്തണം. ജർമ്മനിയിൽ സ്ത്രീക്കും കുട്ടികൾക്കും വേണമെന്നുണ്ടെങ്കിൽ ഭർത്താവിൽ നിന്നു മാറി താമസിയ്ക്കാം. ഭർത്താവിനെവീട്ടിൽ കയറ്റാതെയുമിരിയ്ക്കാം. അതിനു നിയമസംരക്ഷണവും ലഭിയ്ക്കും. കുട്ടികളുടെ ചെലവിനുള്ള പണം ഭാര്യയും ഭർത്താവും തുല്ല്യമായി എടുക്കണം. കുട്ടികൾക്കു പ്തിനെട്ട് വയസ്സാകുന്നത് വരെ അവരെ സന്ധിക്കുന്ന ചുമതല പിതാവിൻെറയും മാതാവിൻെറയുമാണ്. പിതാവിനും മാതാവിനും അതിനുള്ള സൗകര്യങ്ങളില്ലെങ്കിൽ സർക്കാർ ചെലവിൽ സന്ധിക്കും.”

> “ദിവസവും മദ്യപിച്ചു വരുന്ന ഭർത്താവ് യാതൊരു ധാർമ്മിക മൂല്യങ്ങൾക്കും വില കല്പിക്കാത്ത ഭർത്താവ്, കുടുംബത്തിൻെറ കാര്യങ്ങൾ ശ്രദ്ധിക്കാത്ത ഭർത്താവ്, ഇത്തരത്തിലുള്ള ഒരു മനുഷ്യനുമായി എങ്ങനെയാണ് ഒരുമിച്ചു പോകുക?
>
> മറിച്ചുള്ള ഭാര്യയുമായും ഭർത്താവിന് ഒരുമിച്ചു താമസിക്കുവാൻ പ്രയാസം നേരിടും. ഇപ്രകാരമുള്ള കുടുംബത്തിൽ കുട്ടികളുടെ വ്യക്തിത്വം തന്നെ വികലമാക്കപ്പെടും.

1967 ലാണ് മാർഗരറ്റ് കുര്യൻ കേരളത്തിലെത്തിയത്. മലയാളിയായ ഭർത്താവ് കുമരകത്ത് കരുമച്ചേരിൽ കുര്യൻെറ നാട്ടിൽ താമസിയ്ക്കുവാൻ. തൻെറ അഞ്ചു കുട്ടികളും പിതാവിൻെറ നാടിൻെറ സംസ്കാരവും ജീവിത ശൈലിയും അറിഞ്ഞിരിക്കട്ടെ എന്ന ഉദ്ദേശ്യത്തോടെയാണ് കേരളത്തിലെത്തിയത്. ശ്രീ കുര്യനെ, ഇംഗ്ലണ്ടിൽ ഹോം സയൻസ് പഠിയ്ക്കുവാൻ പോയ മാർഗരറ്റ്, പരിചയപ്പെടുമ്പോൾ, തൻെറ ഭാവി ഭർത്താവാകുമെന്നു സ്വപ്നേപി കരുതിയില്ല. പഠനം കഴിഞ്ഞ്, ജർമ്മനിയിലേക്ക് മടങ്ങുമ്പോഴും ഈ ബന്ധം തുടരുമെന്നു പ്രതീക്ഷയില്ലായിരുന്നു. പിന്നീടു വിവാഹത്തിൽ കലാശിച്ചപ്പോൾ ശ്രീ കുര്യന് ജർമ്മനിയിൽ ജോലിയായി.

മാർഗരറ്റ് കുര്യൻ പുത്തനങ്ങാടി സെൻറ് മേരീസ് സ്കൂളിലെ അദ്ധ്യാപികയായും, ജർമ്മൻഭാഷാ അദ്ധ്യാപികയായും, കോട്ടയത്തെ സി.എം.എസ്സ്. ഇൻഡസ്ട്രിയൽ സ്കൂൾ മാനേജരായും വിവിധ കാലയളവുകളിൽ സേവനമനുഷ്ഠിക്കുകയുണ്ടായി. 1988-ൽ ജർമ്മനിയിലേക്ക് പോകുന്നതിനു മുമ്പ്

> **"കമ്മ്യൂണിസം തകർന്നെങ്കിലും അതിൽ ചില നല്ല വശങ്ങളുണ്ടായിരുന്നു. മുതലാളിത്ത വ്യവസ്ഥിതിയ്ക്കു അധികനാൾ മുമ്പോട്ടു പോകാനാവില്ല. പടിഞ്ഞാറൻ ജർമ്മനി കിഴക്കൻ ജർമ്മനിയിൽ നിന്നു പലതും പഠിയ്ക്കാനുണ്ട്.**

മക്കളെയെല്ലാം കേരളീയ ജീവിതശൈലിയുമായി പരിചയപ്പെടുത്തുവാൻ സാധിച്ചു എന്നു മാർഗരറ്റു കുര്യൻ അവകാശപ്പെട്ടു. 94 സെപ്തംബർ 19 ന് കോട്ടയം ബേക്കർ ഹില്ലിലുള്ള സ്വന്തം ഭവനത്തിൽ വച്ചു നടന്ന കുടിക്കാഴ്ചയിൽ പെട്ടെന്നു കേരളത്തിലേക്ക് വരുവാനുണ്ടായ സാഹചര്യം അവർ വിശദീകരിച്ചു.

"ഞാൻ ജർമ്മനിയ്ക്കു പോയതിനുശേഷം എന്റെ ഭർത്താവ് ഈ വീട്ടിൽ ഏകനായി താമസിച്ചു ചാർട്ടേർഡ് അക്കൗണ്ടന്റ് എന്ന നിലയിൽ ജോലി ചെയ്തു വരികയാണ്. ജർമ്മനിയിലെ



മാർഗരറ്റ് കുര്യനും മരുമകനും

കാലാവസ്ഥ അദ്ദേഹത്തിനു പിടിയ്ക്കാത്തതിനാൽ അദ്ദേഹം ഇവിടെതന്നെ താമസിയ്ക്കുവാൻ തീരുമാനിച്ചു. ഈ വർഷം, അദ്ദേഹത്തിന്റെ എഴുപതാം ജന്മദിനത്തിന്, അദ്ദേഹത്തെ ജർമ്മനിയിലേക്ക് ക്ഷണിയ്ക്കണം എന്നു ഞാനും മക്കളും കൊച്ചുമക്കളും തീരുമാനിച്ചിരിക്കവേയാണ്, പെട്ടെന്ന് ഹൃദയ ശസ്ത്രക്രിയയ്ക്കു വിധേയനാകേണ്ടി വന്നത്. ഹൃദയശസ്ത്രക്രിയയെന്നു കേൾക്കുമ്പോൾ തന്നെ പലർക്കും പേടിയാണ്. ശസ്ത്രക്രിയാ സമയത്ത് ഞാൻ കൂടിവന്നാൽ, നന്നായിരിക്കും എന്നു തോന്നി. ശസ്ത്രക്രിയനടന്ന ബാംഗ്ലൂരിലെ ആശുപത്രിയിൽ പോയി ഞാനദ്ദേഹത്തെ കണ്ടു. ഞാൻ നേരത്തെ കോട്ടയത്തിനു പോന്നത് അദ്ദേഹം വരുമ്പോഴേയ്ക്കും വീടൊക്കെ ഒന്നു വൃത്തിയാക്കി ഇടാം എന്നു കരുതിയാണ്. ഇന്നുച്ചയ്ക്ക് ഐലാൻഡ് എക്സപ്രസ്സിൽ ഭർത്താവ് വരും ജോലിയിൽ നിന്നു വിരമിച്ചു സ്വസ്ഥ ജീവിതം നയിക്കുവാൻ അദ്ദേഹത്തിന് സമയമായി എന്നാണ് എന്റെ തോന്നൽ. 3 ദിവസങ്ങൾക്ക് ശേഷം ഞാൻ വീണ്ടും ജർമ്മനിയ്ക്ക് പോകുകയാണ്."

ജോലിക്കാരെ വിളിച്ചു ഭർത്താവിനെ റയിൽവേസ്റ്റേഷനിൽ സ്വീകരിക്കുവാൻ പറഞ്ഞയച്ചിട്ടു വീണ്ടും സംഭാഷണത്തിനിരുന്നു.

"എന്താ ഇത്ര പെട്ടെന്നു തിരികെ പോകുന്നത്?"

ഞാനവിടെ ജോലി ചെയ്യുകയാണ്. ഒരു കോളജിൽ അന്താരാഷ്ട്രവിദ്യാർത്ഥികളുടെ ക്ഷേമം നോക്കുന്നയാളാണ്. അവധി ലഭിയ്ക്കില്ലായിരുന്നു. എനിയ്ക്കിപ്പോൾ അമ്പത്തിയെട്ടു വയസ്സായി. ജോലിയിൽ നിന്നും വിരമിയ്ക്കാറായി വരുന്നു. തിരികെ ജോലിയിൽ പ്രവേശിയ്ക്കാതെ പറ്റില്ല."

"ജർമ്മനിയിലെ ക്രിസ്തീയ സഭകളുമായി ബന്ധപ്പെട്ടു എന്തെങ്കിലും പ്രവർത്തനങ്ങളുണ്ടോ?"

"ഞങ്ങളുടെ രാജ്യത്ത് ഓരോന്നിനും പ്രത്യേക പരിശീലനം കഴിഞ്ഞവരെയാണ് (Specialized people)വേണ്ടത്. ആ മേഖലയിൽ പ്രത്യേക പ്രാഗത്ഭ്യം ഉള്ളവരെ അതിനു തെരഞ്ഞെടുക്കാം. 'ചുമ്മാ' ആരേയും ഒരു ജോലിയും ഏല്പിയ്ക്കാറില്ല."

"ജർമ്മനികളുടെ ഏകീകരണത്തെക്കുറിച്ച്?"

"കമ്മ്യൂണിസം തകർന്നെങ്കിലും അതിൽ ചില നല്ല വശങ്ങളുണ്ടായിരുന്നു. മുതലാളിത്ത വ്യവസ്ഥിതിയ്ക്കു അധികനാൾ മുമ്പോട്ടു പോകാനാവില്ല. പടിഞ്ഞാറൻ ജർമ്മനി കിഴക്കൻ ജർമ്മനിയിൽ നിന്നു പലതും പഠിയ്ക്കാനുണ്ട്. കിഴക്കൻ ജർമ്മനി പടിഞ്ഞാറൻ ജർമ്മനിയിൽ നിന്നു പലതും



മാർഗരറ്റ് കുര്യൻ കൊച്ചുമക്കളോടൊപ്പം

പകർത്തുവാനുണ്ട്. ഏകീകരണം ഞങ്ങൾക്ക് സന്തോഷമാണ് നൽകിയത്. എന്റെ പിതാവിന്റെ വീട്ടുകാർ കിഴക്കൻ ജർമ്മനിയിലും മാതാവിന്റെ വീട്ടുകാർ പടിഞ്ഞാറൻ ജർമ്മനിയിലുമായി. ഏകീകരണത്തിലൂടെ ദീർഘവർഷങ്ങളായി വേർപിരിഞ്ഞിരുന്നവരെ കാണുവാൻ സാധിച്ചു."

ജർമ്മൻ സ്ത്രീകൾ തന്റേടികളാണെന്നു കരുതാമോ ?

കൂടുതൽ സ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ട് എന്നു പറയുന്നതാകും ശരി. ഇന്ത്യയിലും തീരെ പാവപ്പെട്ട സ്ത്രീകളും, വലിയ ധനിക സ്ത്രീകളും കൂടുതൽ സ്വാതന്ത്ര്യം അനുഭവിക്കുന്നുണ്ട്. ഇടത്തരം കുടുംബങ്ങളിലെ സ്ത്രീകൾക്ക് സ്വാതന്ത്ര്യം കുറയും. ജർമ്മനിയിൽ എല്ലാ സ്ത്രീകളും പുരുഷന്മാരെപ്പോലെ സ്വതന്ത്രരാണ്. കേരളവുമായി യാതൊരു വിധത്തിലും താരതമ്യം നടത്തുവാനാവില്ല. രണ്ടു യുദ്ധങ്ങൾ ഞങ്ങളെ തകർത്തു കളഞ്ഞു. എല്ലാ പുരുഷന്മാരും അതിർത്തിയിൽ യുദ്ധത്തിനു നിയോഗിക്കപ്പെട്ടു കഴിഞ്ഞിരുന്നതിനാൽ കുടുംബം നോക്കേണ്ട ചുമതല സ്ത്രീകളുടെ മാത്രമായി. സ്വന്തം കുടുംബവും വസ്തുവകകളും തന്റേടത്തോടെ തന്നെ നോക്കേണ്ടിവന്നു. ചിലർ യുദ്ധ സ്ഥലത്തു വച്ചു മരിച്ചു. ചിലർ തടവുകാരായി പിടിയ്ക്കപ്പെട്ടു. എന്റെ പിതാവ് 5 വർഷക്കാലം

ശേഷം 23-ാം പേജിൽ

ശ്വസിക്കുവാൻ ശുദ്ധവായു ലഭിക്കാതെ വരുന്ന അവസ്ഥയെക്കുറിച്ചു ആലോചിച്ചു നോക്കൂ! മുതുകിൽ ഓക്സിജൻ സിലിണ്ടറുമായി ഓഫീസിൽ പോകേണ്ടി വന്നാലോ? ഇത് തമാശയായി തോന്നിയേക്കാം. മുതുകിൽ ഓക്സിജൻ സിലിണ്ടറുമായി ജോലി ചെയ്യുന്നവർ ഇപ്പോൾ തന്നെയുണ്ട്. തായ്‌ലൻഡിന്റെ തലസ്ഥാനമായ ബാംഗ്കോക്കിലേക്ക് ചെന്നാൽ മതിയാകും. ഏറ്റവും തിരക്കുള്ള വീഥികളിൽ ട്രാഫിക് പോലീസുകാരൻ ഓക്സിജൻ സിലിണ്ടറുമായാണ് നിലകൊള്ളുന്നത്. മറ്റു ചില സ്ഥലങ്ങളിൽ മൂക്കിൽ ഫിൽട്ടറുകൾ പിടിപ്പിച്ചിരിക്കും.

ധവാന്മാരാകുമ്പോൾ, ബദൽ വാഹന ക്രമീകരണങ്ങളെക്കുറിച്ചു ആലോചിക്കുവാൻ നിർബന്ധിതരായിത്തീരും.

ഈ വിഷ വസ്തുക്കൾ എന്തെല്ലാമാണ്?

കാർബൺ മോണോക് സൈഡ്, കാർബൺ ഡൈ ഓക്സൈഡ്, നൈട്രജന്റെ വിവിധ ഓക്സൈഡുകൾ, ലെഡ്, സൾഫർ ഡൈ ഓക്സൈഡ്, ഫോർമാൽഡിഹൈഡ് തുടങ്ങിയ മറ്റനവധി വസ്തുക്കൾ പുകക്കുഴലിൽ നിന്നു പുറത്തേക്ക് വരുന്നു. എങ്ങനെയാണ് ഇവ പരിസ്ഥിതിയെയും മനുഷ്യനെയും ബാധിക്കുകയെന്നു നോക്കാം.

കാർബൺ മോണോക്സൈഡാണ്

തകരാറിലാക്കുന്നു. ഉദരസംബന്ധമായ രോഗങ്ങൾ, അനീമിയ തുടങ്ങിയവയുമുണ്ടാകും. സൾഫർ ഡൈ ഓക്സൈഡിന്റെ അളവു അന്തരീക്ഷത്തിൽ കൂടുന്നത് അമ്ലമഴ ഉണ്ടാകുവാനുള്ള സാദ്ധ്യത വർദ്ധിപ്പിക്കുന്നു. വെള്ളത്തിനു അമ്ലത ഉണ്ടാകുന്നത് മൂലം മാരകമായ മൂലകങ്ങളും വിഷവസ്തുക്കളും വെള്ളത്തിൽ ലയിച്ചു ചേരുന്നു. വിഷവസ്തുക്കൾ ജീവജാലങ്ങളിലെത്തുവാൻ ഇതിൽ കൂടുതലെന്തു വേണം. അമ്ലമഴ സസ്യജാലങ്ങളുടെ നിലനില്പിനെ തന്നെ ചോദ്യം ചെയ്യും എന്നുള്ളതിനു യാതൊരു സംശയവുമില്ല. കാൻസറിനു സാദ്ധ്യതയുള്ള പല വസ്തുക്കളും പുകകുഴലിൽ നിന്നു

# വായു മലിനീകരണം

**റോഡരുകിലോ, ജംഗഷനിലോ ആണ് വീടെങ്കിൽ, സൂക്ഷിക്കുക, മോട്ടോർ വാഹനങ്ങളുടെ പുക സൃഷ്ടിക്കുന്ന മലിനീകരണം നിങ്ങളുടെ ആരോഗ്യത്തെ ബാധിച്ചേക്കാം. തുടർച്ചയായി ശ്വാസകോശ രോഗങ്ങളുണ്ടാകുകയാണെങ്കിൽ, പുക സൃഷ്ടിക്കുന്ന അന്തരീക്ഷ മലിനീകരണത്തിൽ നിന്നാണെന്നു അനുമാനിക്കുന്നതിൽ തെറ്റുണ്ടാവില്ല.**

ദിനംതോറും പെരുകുന്ന മോട്ടോർ വാഹനങ്ങൾ സൃഷ്ടിക്കുന്ന അന്തരീക്ഷ മലിനീകരണം, ശുദ്ധവായു ശ്വസിക്കുവാനുള്ള നമ്മുടെ ജന്മവകാശം നിഷേധിക്കുമോ? വ്യവസായശാലകളിൽ നിന്നു പുറം തള്ളുന്ന വാതകങ്ങളെക്കുറിച്ചും മലിന വസ്തുക്കളെക്കുറിച്ചും ചർച്ചകളും അഭിപ്രായങ്ങളും കേൾക്കാറുണ്ട്. വ്യവസായ മലിനീകരണ നിയന്ത്രണനിയമങ്ങളുണ്ട്. താനും. മോട്ടോർ വാഹനങ്ങളുടെ പുക സൃഷ്ടിക്കുന്ന അന്തരീക്ഷ മലിനീകരണത്തെക്കുറിച്ചു ഗൗരവമായ ചർച്ചകൾ കേൾക്കാറേയില്ല. കേട്ടിട്ടും എന്ത് പ്രയോജനം.?

മോട്ടോർ വാഹനങ്ങൾ നമ്മുടെ നിത്യജീവിതത്തിന്റെ അവിഭാജ്യഘടകങ്ങളായിത്തീർന്നിരിക്കുന്നു. സംസ്കാരത്തിന്റെയും വികസനത്തിന്റെയുമെല്ലാം ഭാഗമല്ലെ?. മോട്ടോർ വാഹനങ്ങളില്ലാത്ത ഒരവസ്ഥ നമുക്ക് ചിന്തിക്കാനാവുമോ? മോട്ടോർ വാഹനങ്ങളിൽ നിന്നു പുറം തള്ളുന്ന വിഷവസ്തുക്കളെക്കുറിച്ചു ബോ

പ്രാഥമിക മലിനീകരണ വാതകം. ഇത് ശ്വസിക്കുമ്പോൾ, രക്തത്തിലുള്ള ഹീമോഗ്ലോബിനുമായി ചേർന്നു കാർബോക്സി ഹീമോ ഗ്ലോബിൻ ഉണ്ടാകുന്നു. ഹീമോഗ്ലോബിന് ഓക്സിജനെക്കാൾ പ്രിയം കാർബൺ മോണോക്സൈഡിനോടാണ്. ഇത് മെറ്റാബോളിക് സിസ്റ്റത്തിൽ പ്രശ്നങ്ങളുണ്ടാക്കും എന്നു പറയേണ്ടതില്ലല്ലോ. ഉള്ളിലേക്ക് പോകുന്ന കാർബൺ മോണോക്സൈഡിന്റെ അളവനുസരിച്ചു തലവേദന, വിമ്മിഷ്ട്ടം, ഛർദ്ദി, ശ്വാസതകരാറ്, പേശികൾക്കുള്ള ബലഹീനത, മയക്കം തുടങ്ങിയവയുണ്ടാകും. കാർബോക്സി ഹീമോഗ്ലോബിന്റെ അളവ് 50% കൂടിയാൽ മരണം സുനിശ്ചിതമാണ്. നൈട്രജന്റെ വിവിധ ഓക്സൈഡുകൾ ശ്വസിക്കുവാനിടയായാൽ, പലവിധ ശ്വാസകോശ രോഗങ്ങൾക്ക് സാദ്ധ്യതയുള്ളതായി വിവിധ പഠനങ്ങൾ കാണിക്കുന്നു. ശ്വാസകോശ രോഗങ്ങൾക്കെതിരെ പ്രതിരോധിക്കാനുള്ള കഴിവു തന്നെ നശിക്കുന്നു. ലെഡ് കേന്ദ്ര നാഡിവ്യൂഹങ്ങളുടെ പ്രവർത്തനത്തെ

കണ്ടെത്തിയതായി പഠനങ്ങൾ കാണിക്കുന്നുണ്ട്.


റോഡരുകിലോ, ജംഗഷനിലോ ആണ് വീടെങ്കിൽ, സൂക്ഷിക്കുക, മോട്ടോർ വാഹനങ്ങളുടെ പുക സൃഷ്ടിക്കുന്ന മലിനീകരണം നിങ്ങളുടെ ആരോഗ്യത്തെ ബാധിച്ചേക്കാം. തുടർച്ചയായി ശ്വാസകോശ രോഗങ്ങളുണ്ടാകുകയാണെങ്കിൽ, പുക സൃഷ്ടിക്കുന്ന അന്തരീക്ഷ മലിനീകരണത്തിൽ നിന്നാണെന്നു അനുമാനിക്കുന്നതിൽ തെറ്റുണ്ടാവില്ല.

1987-ൽ ഡൽഹിയിൽ നടത്തിയ പഠനങ്ങളിൻ പ്രകാരം, ഡൽഹിയിൽ ദിനംതോറും 285 ടൺ കാർബൺ മോണോക്സൈഡും, 135 ടൺ ഹൈഡ്രോകാർബണുകളും, 82 ടൺ നൈട്രജന്റെ ഓക്സൈഡുകളും 21 ടൺ സൾഫർ ഓക്സൈഡും, 0.037 ടൺ ലെഡും, 147 ടൺ ഖരവസ്തുക്കളും മോട്ടോർ വാഹനങ്ങൾ അന്തരീക്ഷത്തിലേക്കു തള്ളുന്നു. 1992-ൽ ഇത് യഥാക്രമം 330 ടൺ, 157 ടൺ, 91 ടൺ, 32 ടൺ, 0.145 ടൺ, 3 ടൺ എന്നീ അളവിലായിരിക്കാം.

എന്നും കണക്കാക്കപ്പെട്ടിട്ടുണ്ട്.

ലോകാരോഗ്യ സംഘടന 41 നഗരങ്ങളിൽ നടത്തിയ പഠനങ്ങളിൽ 26 എണ്ണത്തിലും അന്തരീക്ഷ മലിനീകരണം വളരെ കൂടുതലാണെന്നു കാണുകയുണ്ടായി. ഡൽഹിയിൽ അന്തരീക്ഷ മലിനീകരണം കൂടുതലുള്ള മേഖലകളിൽ ഖര വസ്തുക്കളും കൂടുതലുണ്ട് എന്നു കാണുകയുണ്ടായി. പ്രസ്തുത സ്ഥലങ്ങളിൽ ക്ഷയരോഗം, കണ്ണിനു ചൊറിച്ചിൽ, തുടർച്ചയായ ചുമ, ആസ്തമ, ഉദര രോഗങ്ങൾ തുടങ്ങിയവ കൂടുതലായി കാണുന്നു.

മോട്ടോർ വാഹനങ്ങളുടെ പുക സൃഷ്ടിക്കുന്ന മലിനീകരണം ഗൗരവമായ ഒരു വിഷയമല്ലെ? വാഹനങ്ങൾ നമുക്കു പേക്ഷിക്കാനാവുമോ? തൽക്കാലം പുക നിമിത്തമുള്ള മലിനീകരണത്തിന്റെ അളവു കുറയ്ക്കുവാൻ നമുക്ക് തന്നെ സാധിക്കും. വണ്ടികൾ ക്രമമായി പരിശോധിപ്പിച്ച്, എഞ്ചിൻ ട്യൂൺ ചെയ്യുന്നതിൽ കൂടിയും, ടയർ പ്രഷർ കൃത്യമാക്കുന്നതിലും, ഇന്ധനത്തിന്റെ ഗുണനിലവാരം ഉയർത്തുന്നതിൽ കൂടിയും, ഒരു പരിധി വരെ മലിനീകരണം നിയന്ത്രിക്കാം. പുക പരിശോധിക്കുവാനുള്ള സംവിധാനങ്ങൾ സർക്കാർ ഏർപ്പെടുത്തി വരികയാണല്ലോ.



സ്വന്തമായി വാഹനങ്ങൾ ഉണ്ടാകുകയെന്നത് അന്തസ്സിന്റെയും മാന്യതയുടെയുമൊക്കെ പ്രതീകമാണ്. സ്വകാര്യ വാഹനങ്ങളുടെ എണ്ണം വർഷം തോറും പെരുകയാണ്. മലിനീകരണത്തിന്റെ തോതു കൂടുന്നതിന്റെ കാരണം സ്വകാര്യവാഹനങ്ങൾ ക്രമാതീതമായി വർദ്ധിക്കുന്നതാണ്. അത്യാവശ്യമില്ലായെങ്കിൽ സ്വന്തമായി വാഹനം വേണം എന്ന ആശയം ഉപേക്ഷിക്കുക. അതു നിങ്ങൾ ചെയ്യുന്ന വലിയൊരു സേവനമാണ്. ഒന്നോ രണ്ടോ കിലോമീറ്റർ ദൂരം സഞ്ചരിക്കുവാൻ മോട്ടോർ വാഹനങ്ങൾ ഉപയോഗിക്കാതിരിക്കുന്നതും സേവനമാണ്. മാത്രമല്ല അത് സ്വന്തം ആരോഗ്യം സംരക്ഷിക്കുവാൻ വേണ്ട വ്യായാമമായി ആ നടപ്പിനെ കാണണം. അതിനു മാനസിക തലത്തിലുള്ള ഒരു പരിവർത്തനം തന്നെയാവശ്യമാണ്. മോട്ടോർ വാഹന പുക മലിനീകരണം കുറയ്ക്കുവാൻ സഹായിക്കുന്ന വണ്ടികൾ ഡിസൈൻ ചെയ്തുവരികയാണ്. എങ്കിലും ഈ പ്രശ്നത്തിൽ നമുക്കെങ്ങനെ സഹകരിക്കാം, സഹായിക്കാം എന്നൊക്കെ ചിന്തിക്കേണ്ടതും ചർച്ച ചെയ്യേണ്ടതും നമ്മുടെ കടമയല്ലെ?

●

## മാർഗരറ്റ് കുര്യൻ

21-ാം പേജിൽ നിന്ന്

തടവിലായിരുന്നു. എന്റെ അമ്മയാണ് വീടും കൃഷികളും എല്ലാം നോക്കിയത്. അങ്ങനെയുള്ള സ്ത്രീകൾ പുരുഷന്മാരേക്കാൾ എങ്ങനെയാണ് താണവരാകുക. ജർമ്മനിയിലെയും കേരളത്തിലെയും വിദ്യാഭ്യാസരീതികളെക്കുറിച്ചു ഇങ്ങനെ പ്രതികരിച്ചു. 'എല്ലാ കാര്യങ്ങളും കാണാതെ പഠിയ്ക്കുന്ന ഒരു രീതിയാണിവിടെ. പേപ്പർ, പുസ്തകങ്ങൾ തുടങ്ങിയവയുടെ ലഭ്യതയില്ലാതിരുന്ന പഴയ കാലഘട്ടങ്ങളിൽ ഈ രീതി ശരിയായിരുന്നിരിയ്ക്കാം. പക്ഷേ ഇന്നും ഈ സ്ഥിതി തന്നെ തുടരുന്നു. വിജ്ഞാനത്തെ തലയ്ക്കുള്ളിൽ തിരുകി കയറ്റി വയ്ക്കേണ്ട യാതോരു കാര്യവുമില്ല. ഞങ്ങളുടെ വിദ്യാഭ്യാസം ചിന്തിയ്ക്കുവാൻ സഹായിക്കുന്നതാണ്. ഗ്രന്ഥശാലകൾ എല്ലാ സ്ഥലങ്ങളിലും ഉള്ളതിനാൽ അറിവിനെ തലയ്ക്കുള്ളിലാക്കുവാൻ ഞങ്ങൾ ബദ്ധപ്പെടാറില്ല. വായിക്കുന്ന കാര്യങ്ങളെക്കുറിച്ചു പല തലത്തിൽ ചിന്തിയ്ക്കുവാൻ വിദ്യാഭ്യാസം സഹായിക്കുന്നു. കേരളത്തിലെ ജനങ്ങൾ അധികം വായിക്കുന്നവരാണെന്നു എനിക്ക് തോന്നുന്നില്ല. പുസ്തകങ്ങളെ ബഹുമാനിയ്ക്കുന്നതായിട്ടും തോന്നിയിട്ടില്ല.

"കേരളം സമ്പൂർണ്ണ സാക്ഷരതയുള്ള ഒരു സംസ്ഥാനമാണ്"

"എഴുതാനും വായിക്കാനും അറിയാവുന്നതു കൊണ്ട് വിവരമുണ്ടാകണമെന്നില്ല. ഏത് തരത്തിലുള്ള പുസ്തകങ്ങൾ വായിക്കുന്നു എന്നത് പ്രാധാന്യമർഹിക്കുന്നു. ഗൗരവമുള്ള പുസ്തകങ്ങൾ വായിക്കയും ചിന്തിയ്ക്കയും ചെയ്യുന്നതിൽ കൂടി മാത്രമേ ബൗദ്ധികതലത്തിൽ സംഭാവന ചെയ്യുവാൻ സാധിയ്ക്കു.

"കേരളിയരേയും ജർമ്മൻകാരെയും താരതമ്യപ്പെടുത്തിയാൽ?"

"കേരളിയർ എന്തും ഒഴുക്കൻ മട്ടിലെടുക്കുന്നവരാണ്. കേരളീയർ മടിയന്മാരാണെന്നല്ല. കാലാവസ്ഥയാണ് അതിനു കാരണം. തണുപ്പുള്ള കാലാവസ്ഥയിൽ ഏതു കാര്യവും വേഗതയിൽ ചെയ്യുന്നതാണ് സുഖം. കേരളീയൻ ജർമ്മനിയിൽ വന്നാൽ ഇവിടെ ചെയ്യുന്നതിനേക്കാൾ വേഗതയിൽ ജോലികൾ ചെയ്യും. ചൂട് കാലാവസ്ഥയിൽ സാവധാനത്തിൽ ജോലി ചെയ്യുന്നതായിരിക്കും നല്ലത്."

ഓരോ രാജ്യത്തിലെയും സംസ്ക്കാരവും ജീവിതശൈലിയും കുടുംബജീവിതത്തിനു പവിത്രത കല്പിക്കുന്ന കേരളീയരെ അത്ഭുതപ്പെടുത്തിയേക്കാം. എല്ലാ വിഷയങ്ങളെക്കുറിച്ചും ആഴത്തിലറിയാവുന്ന മാർഗരറ്റു കുര്യൻ സ്വാതന്ത്ര്യവും തന്റേടവും സൗമ്യതയും പാണ്ഡിത്യവും ഒത്തുചേരുന്ന മഹിളാരത്നമാണ്.

●

# വാസ്തുശാസ്ത്ര പ്രസക്തി

ഡോ. പി.വി. ഔസേഫ്

'പരിസ്ഥിതിക്കിണങ്ങുന്ന വീടുകൾ' എന്ന വിഷയത്തിൽ കേരളാ കൗൺസിൽ ഓഫ് ചർച്ചസ് 1994 ഡിസംബർ 3-ന് മാവേലിക്കര ബിഷപ്പ് മൂർ കോളജിൽ വച്ചു നടത്തിയ സെമിനാറിൽ ഡോ. പി.വി. ഔസേഫ് അവതരിപ്പിച്ച പ്രബന്ധമാണിത്. കാലടി സംസ്കൃത കോളജിലെ അദ്ധ്യാപകനായ ഡോ. ഔസേഫ് പാരമ്പര്യ വീടുകളെക്കുറിച്ചു ഗവേഷണം നടത്തി ഡോക്ടറേറ്റ് എടുത്തിട്ടുള്ള വ്യക്തിയാണ്. ഇത്തരത്തിലുള്ള ലേഖനം പലർക്കും പുതുമയാകാം. ചിലർക്കു മനസ്സിലാക്കുവാൻ പ്രയാസവുമാകാം. കൂടുതൽ അറിയണമെന്നു താല്പര്യപ്പെടുന്നവർ ചോദ്യങ്ങൾ വ്യക്തമായി എഴുതുക. വിദഗ്ധന്മാരുടെ ഉത്തരങ്ങൾ അടുത്ത ലക്കത്തിൽ. വിലാസം എഡിറ്റർ, ന്യൂവിഷൻ, മാങ്ങാനം, കോട്ടയം - 18.

- എഡിറ്റർ

മനോഹരങ്ങളായ വാസ്തു ശിൽപങ്ങൾ പണിതുയർത്തുമ്പോൾ സ്ഥപതികളെ കൊണ്ടുവന്നു ശങ്കുസ്ഥാപനം നടത്തുക എന്നത് ഇന്നും മാറ്റമില്ലാതെ തുടർന്നുവരുന്ന ഒരു ചടങ്ങാണ്. ആധുനിക സാങ്കേതിക സഹായത്താൽ ശാസ്ത്രീയമായി പ്ലാനുകൾ ആവിഷ്കരിച്ച് കലാഹൃദയമുള്ള ശില്പങ്ങൾ ഗൃഹനിർമ്മാതാവിനു കൊടുത്താലും കുറ്റിയടിച്ചു ഗൃഹനിർമ്മാണാരംഭം കുറിക്കുന്ന ആശാരിക്ക് പ്ലാനിലെ ഗൃഹത്തിന്റെ ആകമാനമുള്ള ചുറ്റിനോടു അത്ര പ്രതിപത്തി ഇല്ല. മാത്രമല്ല കഴിയുമെങ്കിൽ ചുറ്റിൽ മാറ്റം നിർദ്ദേശിക്കുകയും ചെയ്യും. ഈ മാറ്റമാകട്ടെ ശിൽപഭംഗിക്കും, സൗകര്യത്തിനും വരുത്തിവയ്ക്കുന്ന ദോഷം കുറച്ചൊന്നുമല്ല.

കേരള വാസ്തുശാസ്ത്ര ഗ്രന്ഥങ്ങളിൽ അനുബന്ധമായി കൊടുത്തിട്ടുള്ള ചുറ്റുകളെ (കണ്ണും കണക്കും പട്ടിക) മൂന്നു വിധമായി തരം തിരിച്ചിട്ടുണ്ട്. ഉത്തമം, മധ്യമം, അധമം എന്നിവ. ഈ ചുറ്റുകളെ ആശ്രയിച്ചാണ് ഷഡ് വർഗങ്ങളായ യോനി, ആയം, വ്യയം, നക്ഷത്രം, തിഥി, വാരം എന്നിവ നിശ്ചയിക്കുന്നത്. ഉത്തമമല്ലാത്ത ചുറ്റിൻ ഗൃഹം തീർക്കാൻ ഈ ഷഡ്വർഗങ്ങൾ അനുകൂലമല്ലാതെ വരികയും, വാസ്തുശിൽപം ലക്ഷണമില്ലാത്തതായി തീരുകയും ചെയ്യുമത്രേ. ലക്ഷണമില്ലാത്ത ഗൃഹം നിർമ്മിക്കുന്നവർക്കും ആ ഗൃഹം താമസസ്ഥലമാക്കുന്നവർക്കും ശാസ്ത്രം കൊടുക്കുന്ന ഉപദേശം ഇപ്രകാരമാണ്. "ലക്ഷണഹീനേ ധാമനി വസതാമശുഭാനി സംഭവന്ത്യേവ! ജന്മാദ്യപിധാനാന്തം മനസാ നിശ്ചിത്യ കാരയേത്തസ്മാത്!! ശാസ്ത്രനിയമങ്ങൾക്ക് പ്രതികൂലലക്ഷണങ്ങളായ ഭവനങ്ങളിൽ പാർക്കുന്നവർക്ക് ആപത്തുകൾ ധാരാളം ഉണ്ടാകുന്നതാണ്. അങ്ങനെയുള്ള ലക്ഷണവൈകല്യം നേരിടാതിരിക്കാൻ പാദുകം മുതൽ

> കേരളീയ വാസ്തു ശാസ്ത്രവിധിയിൽ ചുറ്റിനു വളരെയേറെ പ്രാധാന്യം ഉണ്ട്. കാരണം ചുറ്റ് നിശ്ചയിക്കുന്നിടത്താണ് മരത്തിൽ തീർക്കുന്ന മേൽക്കൂരയുടെ നിർമ്മാണകുശലത കുടികൊള്ളുന്നത്.

അവസാനം വരെയുള്ള സകല അവയവങ്ങളുടേയും കണക്കുകൾ ബുദ്ധിപൂർവ്വം ആലോചിച്ചു നിശ്ചയിച്ചതിനുശേഷം വേണം വീടുപണി ആരംഭിക്കേണ്ടത്.

കേരളീയ വാസ്തു ശാസ്ത്രവിധിയിൽ ചുറ്റിനു വളരെയേറെ പ്രാധാന്യം ഉണ്ട്. കാരണം ചുറ്റ് നിശ്ചയിക്കുന്നിടത്താണ് മരത്തിൽ തീർക്കുന്ന മേൽക്കൂരയുടെ നിർമ്മാണകുശലത കുടികൊള്ളുന്നത്. ഉത്തമ-മദ്ധ്യമ-അധമ ചുറ്റുകൾ സൂക്ഷ്മമായി പരിശോധിച്ചാൽ രസകരമായ ഈ വസ്തുത മനസിലാക്കാം. വാസ്തുവിന്റെ ചുറ്റു കണക്കാക്കിയാണ് കഴുക്കോൽ ചാട്ടം, ഉത്തരചുറ്റ് കോടി കഴുക്കോലുകളുടെ നീളം എന്നിവ തീരുമാനിക്കുന്നത്. കണക്കുകൾ ചെയ്തുവരുമ്പോൾ ഹരണാവസരങ്ങളിൽ ശിഷ്ടം ക്രമമായി വന്നാൽ അത്തരം ചുറ്റുകളെ ഉത്തമങ്ങളായും ശിഷ്ടം 0.2; 0.6; 0.8 എന്നിങ്ങനെ അംശം വന്നാൽ അത്തരം കണക്കുകളെ മദ്ധ്യമങ്ങൾ എന്നും, ശിഷ്ടം 0.3; 0.7; 0.9 എന്നിങ്ങനെ അംശം വന്നാൽ അത്തരം ചുറ്റുകളെ അധമങ്ങൾ എന്നും തരം തിരിച്ചിരിക്കുന്നു. അധമങ്ങളായവയെ 'അകരണികങ്ങൾ' എന്നും, അവയെ ചുറ്റായി സ്വീകരിച്ചാൽ മരണം വരെയുള്ള ഫലങ്ങളെ അനുഭവിക്കേണ്ടി വരും എന്നുവരെ പറഞ്ഞ് ഗൃഹനിർമ്മിതാക്കളെ അകരണികങ്ങളെ തിരഞ്ഞെടുക്കുന്നതിൽ നിന്നു സഹായമായി ജ്യോതിഷത്തിന്റെ സഹായം വരെ തേടുന്നുണ്ട്; തച്ചന്മാർ ചുറ്റിനെ ആശ്രയിച്ച് വാസ്തുശിൽപ്പത്തിനു നക്ഷത്രം കൽപ്പിക്കുന്നുണ്ട്. ഈ നക്ഷത്രം ശുഭമാണോ അശുഭമാണോ എന്നു നോക്കാൻ ജ്യോതി ശാസ്ത്രമറിഞ്ഞിരിക്കണം.

"നക്ഷത്രാദി ശുഭത്വം ജ്യോതിശാസ്ത്രാദി ഭിസ്സുവിജ്ഞേയം". ഇഷ്ടദീർഘവിസ്താരത്തെ എട്ടിൽ പെരുക്കി ഇരുപത്തേഴിൽ ഹരിച്ചാൽ കിട്ടുന്ന ശിഷ്ടം നോക്കിയാണ് നക്ഷത്രം കാണുന്നത്. ഗൃഹ നക്ഷത്രത്തെ വധു നക്ഷത്രമായും ഗൃഹകർത്താവിന്റെ നക്ഷത്രം വരന്റെ നക്ഷത്രമായും കണക്കാക്കുന്നു. ഈ നക്ഷത്രങ്ങൾ ആദ്യ നാഡിയിൽ വന്നാൽ ഗൃഹനാശവും, അന്ത്യനാഡിയിൽ വന്നാൽ ഗൃഹത്തിനും പുരുഷനും നാശവുമാണ് ഫലം. ഇപ്രകാരം ഗണപ്പൊരുത്തമില്ലായ്മ വന്നാൽ കലഹാദിപൊരുത്തക്കേടുകൾ വരും എന്നൊക്കെ ശക്തമായി താക്കീതു നൽകി ഗൃഹനിർമ്മാതാവിനെ വാസ്തുവിന്റെ ചുറ്റിൽ ഉത്തമമായുള്ളതിനെ പരിഗ്രഹിപ്പിക്കുന്നു. ഇത്തരത്തിൽ പറയുകയല്ലാതെ തച്ചന്മാർക്ക് വേറെ വഴിയില്ല. മേൽക്കൂരയിലെ ഉത്തരന്യാസം നടത്തുമ്പോൾ ആധാരമായി ചുമരില്ലാതെ വരിക, കഴുക്കോലുകൾ വംശത്തിൽ ചേർക്കുമ്പോൾ ചേർപ്പില്ലാതെ വരിക, കോടിക്കഴുക്കോലുകൾക്ക് ദീർഘവ്യത്യാസം വരുക, വളയ ബന്ധം കൃത്യമാകാതെ വരിക എന്നിങ്ങനെ പണിയിൽ പിഴ വന്നാൽ യഥാർത്ഥത്തിൽ മരണതുല്യമായ നില തച്ചന്മാർക്ക് വന്നു ചേരുന്നു എന്നതാണ് യഥാർത്ഥാവസ്ഥ. എന്നാൽ മേൽ കൂരയുടെ പണികൾ കർമ്മാളന്മാരിൽ നിന്ന് കൈവിട്ടു പോകുന്ന ഇന്നത്തെ ചുറ്റുപാ

ടിൽ ചുറ്റും പിടിച്ച് വാസ്തുവിനെ പറ്റിക്കേണ്ടതുണ്ടോ? ഈ കാര്യത്തിൽ കൈവിട്ടകളിയിൽ സ്ഥപതികളുടെ വ്യാപാര രഹസ്യം കൈവിട്ടുപോകും എന്നതുശരി. ശാസ്ത്രീയ പഠനങ്ങൾ ഇത്തരം ചുറ്റുകളിൽ ശാസ്ത്രീയത കണ്ടെത്താൻ ശ്രമിക്കുമ്പോൾ എന്തു ഉത്തരമാണ് ഇവർ നൽകുക ?

അതേ സമയം എക്കാലവും തുടരേണ്ടതായ ഒട്ടനവധി ശാസ്ത്രീയതകൾ വാസ്തുശാസ്ത്രത്തിൽ ഉണ്ട് എന്നത് തർക്കമറ്റതാണ്. ഭൂപരിഗ്രഹം, ഗൃഹസ്ഥാനം, ഭൂമിയുടെ ചെരിവ്, സൂര്യപ്രകാശ ലഭ്യത, കാററിൻെറ ഗതി എന്നിവയുടെ പരിഗണന, മനസിനു സന്തോഷം നൽകുന്ന വിധം ഗൃഹസംവിധാനം, പാരമ്പര്യ വിധിപ്രകാരം ചിലവുകുറഞ്ഞ നിർമ്മാണ വസ്തുക്കളുടെ നിർമ്മാണം എന്നിങ്ങനെ എത്ര സംവിധാനങ്ങളാണ് വാസ്തുശാസ്ത്രം ഒരുക്കിയിരിക്കുന്നത്. അതെല്ലാം അറിഞ്ഞോ അറിയാതെയോ കണ്ടില്ലെന്നു നടിക്കുകയും ചുമർ ചെല്ലുന്നിടത്തു കോൺക്രീറ്റു സ്ളാബും, സ്ള്ബു ചെല്ലുന്നിടത്തു ചുമരും ഉണ്ടാക്കാൻ സംവിധാനമുള്ളപ്പോൾ എന്തിനീ ചുററു ശരിയാക്കാൻ?

മയ മത' കാലം തൊട്ടു തുടങ്ങുന്ന ശാസ്ത്രീയ വാസ്തു ശാസ്ത്രത്തെ 20-ാം നൂററാണ്ടിലും അതു പോലെ അംഗീകരിക്കുന്നതിൽ തെറ്റൊന്നും ഇല്ല. പക്ഷെ അവയുടെ പ്രായോഗികതയുടെ കാര്യത്തിൽ മാത്രമാണ് സംശയമുള്ളത്. ഭൂപരിഗ്രഹത്തിൻെറ കാര്യം തന്നെ എടുക്കാം. വിസ്താരമേറിയ പറമ്പുകളിൽ പശുക്കളെ യഥേഷ്ടം പല ദിവസങ്ങളിലായി മേയാൻ വിടുകയും, മേച്ചിലിനു ശേഷം വിശ്രമസ്ഥാനമായി തിരഞ്ഞെടുക്കുന്ന സ്ഥലം ദിനങ്ങളോളം നിരീക്ഷിക്കുകയും, മനുഷ്യരേക്കാൾ മിത ശീതോഷ്ണ തുല്യഭൂമിയെ തിരഞ്ഞെടുക്കാൻ പശുക്കൾക്ക് ജന്മസിദ്ധമായ കഴിവുള്ളതിനാൽ ആ സ്ഥാനത്തെ സുക്ഷേത്രമായി പരിഗണിക്കുകയും ചെയ്യുന്നു. എന്നാൽ ഇന്ന് പശുവിനെ മേയാൻ വിട്ടു ഭൂപരിഗ്രഹം ചെയ്യാൻ ഭൂമിയെവിടെ? സുഭിക്ഷ ഭൂമി ലഭ്യമല്ലെന്നുള്ളതു കൊണ്ട് ഗോ നിരീക്ഷണ പരീക്ഷണം ശരിയല്ലാതാകുന്നതെങ്ങനെ? ഇതുപോലെ തന്നെ ചൂളയിൽ വയ്ക്കാത്ത മൺചട്ടിയിൽ നെയ്യൊഴിച്ചു തിരിയിട്ടു കത്തിച്ച് പ്രാണവായുവിൻെറ ലഭ്യതയളക്കുക, അപകടകരമായ വാതകങ്ങൾ വാസ്തു പദത്തിലുണ്ടോ എന്നു നോക്കുക, ബൃഹദ് സംഹിത Ch: 52, Sl: 124 ഭൂകാന്തമണ്ഡലം കണക്കാക്കി ശയനദിശ നിശ്ചയിക്കുകു, കാറ്റിനനുസരിച്ചു ദ്വാരക്രമം നിശ്ചയിക്കുക, ആരോഗ്യവൃക്ഷം നട്ടു വളർത്തുക എന്നിങ്ങനെ എത്രയേറെ ശാസ്ത്രീയതയാണ് മാററം വരുത്താതെ തന്നെ പിൻ തുടരാൻ വാസ്തു ശാസ്ത്രം നിർബന്ധിക്കുന്നത് ശാസ്ത്രീയമായി അനുഷ്ഠിക്കാതേയും അവഗണിച്ചും അതേസമയം വാസ്തുവിൻെറ ചുററിൽ മാത്രം വാശി പിടിക്കൽ, താംബുലക്ഷണഫലം പറയൽ, നാളികേര ലക്ഷണ കഥനം, ഭൂതലക്ഷണ പരിഗണന, എന്നിങ്ങനെയുള്ള പ്രവർത്തനം ചെയ്യുന്ന വാസ്തുശാസ്ത്രവിശാരദന്മാർ കാലോചിതമായ മാററത്തെ കണ്ട് നല്ലതിനെ സ്വീകരിക്കയും കൊള്ളാത്തതിനെ തള്ളുകയും വേണ്ടതാണ്. വാസ്തുശാസ്ത്രമൂല ഗ്രന്ഥങ്ങൾ പഠിക്കുകയും ഗവേഷണം നടത്തുകയും ചെയ്യുന്ന ഒട്ടനവധി പ്രഗത്ഭരെ എൻെറ

> ഭൂപരിഗ്രഹം, ഗൃഹസ്ഥാനം, ഭൂമിയുടെ ചെരിവ്, സൂര്യപ്രകാശ ലഭ്യത, കാററിൻെറ ഗതി എന്നിവയുടെ പരിഗണന, മനസിനു സന്തോഷം നൽകുന്ന വിധം ഗൃഹസംവിധാനം, പാരമ്പര്യ വിധിപ്രകാരം ചിലവു കുറഞ്ഞ നിർമ്മാണ വസ്തുക്കളുടെ നിർമ്മാണം എന്നിങ്ങനെ എത്ര സംവിധാനങ്ങളാണ് വാസ്തുശാസ്ത്രം ഒരുക്കിയിരിക്കുന്നത്.

ഗവേഷണാവസരങ്ങളിൽ കാണാൻ ഇടവന്നിട്ടുണ്ട്. അവരുടെ ഒട്ടു മുക്കാൽ പേരുടെയും ഗൃഹത്തിൻെറ ആഗമനമുള്ള ചുററളവിനെ അളന്നു പരിശോധിച്ചിട്ടും ഉണ്ട്. എന്നാൽ അവയിൽ അധികവും ആകമാനമുള്ള ചുററിനെ ആധാരമാക്കിയല്ല നിർമ്മിച്ചിരിക്കുന്നത്. എൻെറ പഠനത്തിൻെറ വെളിച്ചത്തിൽ സ്ഥപതികൾ കാലോചിതമായ മാററത്തെ കണ്ട് ശാസ്ത്രാനുസാരേണതന്നെ ഗൃഹാദികൾ നിർമ്മിക്കട്ടെ എന്നാണ് എൻെറ അഭിപ്രായം.

മരണചുററിനെ കുറിച്ച് നാടൻ ഗ്രന്ഥകർത്താക്കൾ തീർത്ത അനേകം വാസ്തുശാസ്ത്രനാമധേയമായവയെ ഗവേഷണ ചിന്തയാൽ പരിശോധിച്ചിട്ടുണ്ട്. ഇവയിലെല്ലാം വാസ്തുശാസ്ത്രം തന്നെ നിലനില്ക്കുന്നത് മരണചുററിനെ ഒഴിവാക്കലിലാണ് എന്നു പറഞ്ഞു വച്ചിരിക്കുന്നു. എന്നാൽ അടിസ്ഥാന ഗ്രന്ഥങ്ങളായ 'മാനസാര', 'മയമതം', ബൃഹദ്സംഹിത, 'സമരാംഗണസൂത്രധാര' എന്നിവയിലെല്ലാം മരണചുററിനെ കുറിച്ച് ഒരു ശ്ലോകം പോലുമില്ല. ബ്രാഹ്മണഗൃഹം, ക്ഷത്രിയഗൃഹം,. വൈശ്യഗൃഹം, ശൂദ്രഗൃഹം എന്നിവക്കെല്ലാം ഏററവും സൗകര്യമായ അളവുകൾ പറയുക മാത്രമാണ് ചെയ്തിരിക്കുന്നത്. കേരളീയ ഗ്രന്ഥങ്ങളായ 'വാസ്തുവിദ്യ' തന്ത്രസമുച്ചയം, മനുഷ്യാലയചന്ദ്രിക (തിരുമംഗലം നിലകണ്ഠൻേറത്) എന്നിവയിലെല്ലാം ഏററവും അനുയോജ്യമായി സ്വീകരിക്കേണ്ട ചുററിനെ മാത്രം പറയുന്നു. ഈ മേൽപറഞ്ഞ ഗ്രന്ഥങ്ങളെല്ലാം അനുശാസിക്കുന്നത് 'ഷഡ്വർഗ' വിധിയിൽ അനുകൂലമായി ചെയ്യണം. എന്നാണ്. ഈ ഷഡ്വർഗ കല്പവിധിയാകട്ടെ ഓരോ ഗ്രന്ഥത്തിലും വ്യത്യസ്ത ക്രമത്തിലാണ് പറയപ്പെട്ടിരിക്കുന്നത്. മറെറാരു രസകരമായ വസ്തുത ചുററിനെ അടിസ്ഥാനമാക്കിയ വിധികൾക്ക് ഏതു ചുററു വേണം എന്നു വ്യക്തമാക്കിയിട്ടില്ല. അത് ഭിത്തിപ്പുറത്തെ അളവോ, ഭിത്തിക്കകത്തെ അളവോ ആകാം. മൂന്നളവിലും ഷഡ്വർഗ്ഗഫലം വ്യത്യസ്തമാണ്. അങ്ങനെയിരിക്കെ ഷഡ്വർഗഫലസിദ്ധി എത്രമാത്രം പ്രസക്തമാണ്?

കൂടാതെ കേരളത്തിലെ ധാരാളം ക്ഷേത്രങ്ങൾ മരണചുററിലാണ് തീർത്തിരിക്കുന്നത് എന്ന് തെളിവോടുകൂടി മനസിലാക്കിയിട്ടുണ്ട്. ദേവനു മരണമില്ലാത്തതിനാൽ മരണചുറ്റാകാമത്രെ, എൻെറ അഭിപ്രായത്തിൽ ദേവനാകാമെങ്കിൽ ദേവഭക്തന്മാർക്കായിക്കൂടെ? എൻെറ നിഗമനത്തിൽ ചില പത്രങ്ങളിൽ നടത്തുന്ന വാദപ്രതിവാദങ്ങൾ വാസ്തുശാസ്ത്രമൂലഗ്രന്ഥങ്ങൾ പഠിക്കാത്തവരുടെ 'അന്ധഗജദർശനം' മാത്രമെ ആകുന്നുള്ളു.


വാസ്തു ശാസ്ത്രത്തിൽ ചേർത്തിരിക്കുന്ന വിശ്വാസങ്ങൾ അന്ധമാണെന്നതിനോട് എനിക്കു യോജിപ്പില്ല. ശാസ്ത്രത്തെ അനുഷ്ഠിപ്പിക്കാൻ ഉള്ള ഒരു ഉപാധിയായി മാത്രം കാണുന്നതും. ഉദാഹരണമായി ഈ ശ്ലോകത്തിൻെറ വാച്യാർത്ഥവും യഥാർത്ഥ ആശയവും എത്രമാത്രം അടുത്തിരിക്കുന്നു എന്നു നോക്കാം.

ഏക ജാതി തരുഭി: പ്രകൽപ്പിതം.
ദ്വാര പാദ ഫലകാദികം ശുഭം
അന്യഥാ യദി വധൂ കുശീലതാ
സംഭ വേദിതാ വദന്തി കേചന

"കട്ടിളക്കാലും ഫലകവും (വാതിൽ) ഒരേ ജാതിമരത്തിൽ തീർക്കണം. അല്ലാതായാൽ ഗൃഹവാസ സ്ത്രീകൾക്കു വേശ്യാദോഷമേൽക്കും എന്നു ആചാര്യമതം." ഈ വാച്യാർത്ഥം വിട്ട് ശാസ്ത്രാർത്ഥം ഗ്രഹിച്ചാൽ മാത്രമെ ഇതൊരു അന്ധവിശ്വാസമല്ല എന്നു മനസിലാകു. വ്യത്യസ്തജാതി മരങ്ങളുടെ സങ്കോചവികാസങ്ങൾ വ്യത്യസ്തങ്ങളാകയാൽ വാതിലടയാത്ത ദോഷമൊഴിവാക്കാനായി, ഭയപ്പെടുത്തി, വിശ്വാസത്തിൻെറ പേരിലെങ്കിലും ശാസ്ത്രാനുസാരേണവർത്തിക്കാൻ പ്രേരിപ്പിക്കയാണിവിടെ ചെയ്യുന്നത്. ഇപ്രകാരം വാസ്തു ശാസ്ത്രത്തെ നിരീക്ഷിച്ചാൽ മാത്രമേ വാസ്തുശാസ്ത്രത്തിൻെറ അന്തസ്സത്തയിലേക്ക് പ്രവേശിക്കാനാവു.

●

# ചില വേറുന്ന ചികിത്സ



തയ്യാറാക്കിയത്: കെ. എം. ഷാജഹാൻ

## ആരാണ് വില നൽകുന്നത്, ആർക്കു വേണ്ടി?

"സർക്കാർ ആശുപത്രികളിൽനിന്ന് ലഭിക്കുന്ന സേവനങ്ങൾ സൗജന്യമാണെന്ന് സാധാരണ പറയാറുണ്ട്. പക്ഷേ, ഒരുപടി പുറകോട്ട് ചിന്തിച്ചാൽ, ഗവൺമെൻറിന് എവിടെ നിന്നാണ് പണം ലഭിക്കുന്നത്? ജനങ്ങളിൽനിന്ന്. എവിടെ നിന്നാണ് ഗവൺമെൻറ് ജന്മമെടുക്കുന്നത്? ജനങ്ങളിൽനിന്ന്."

"ജനങ്ങൾ തങ്ങളുടെ പണം ഗവൺമെൻറിനെ ഏൽപിക്കുന്നു. ഏറ്റവും അവശ്യസേവനങ്ങളായ വിദ്യാഭ്യാസം, ആരോഗ്യം എന്നീ മേഖലകളിൽ തികച്ചും നീതിപൂർവ്വമായി ഈ പണം ചിലവഴിക്കാനാണ് ജനങ്ങൾ ഇപ്രകാരം ചെയ്യുന്നത്."

"ഇത്തരം സേവനങ്ങൾക്ക് വിലയിടുന്നതുവഴി ഗവൺമെൻറ് ചെയ്യുന്നത്, തങ്ങൾക്ക് സേവനങ്ങൾ സൗജന്യമായി നൽകുന്നതിനായി ജനങ്ങൾ ഏൽപിച്ച പണം ഉപയോഗിച്ച് ആ സേവനങ്ങൾ അവർക്ക് തിരികെ വിൽക്കുകയാണ്. ഇതുകൊണ്ടുണ്ടാകുന്ന പിശക്, ആദ്യം പണം നൽകിയ ഭൂരിപക്ഷത്തിന് ഒന്നും ലഭിക്കാതിരിക്കുകയും രണ്ടാമത് പണം നൽകി സേവനം വാങ്ങുന്ന സമ്പന്നർക്ക് എല്ലാ ആനുകൂല്യങ്ങളും ലഭിക്കുകയുമാണ്."

"അതായത് ഗവൺമെൻറ് ചെയ്യുന്നത് ദരിദ്രഭൂരിപക്ഷത്തിൽനിന്നു മോഷ്ടിച്ച് സമ്പന്നർക്കു നൽകുക എന്നതാണ്."

"ഞങ്ങൾ ഈ സമ്പന്നരുടെ ഗവൺമെൻറിനെ എതിർക്കുന്നു. ഗവൺമെൻറ് ആശുപത്രികൾ സേവനത്തിനായി ചാർജ് ഈടാക്കുന്ന നടപടി അവസാനിപ്പിക്കുക."

(ഡൽഹി മെഡിക്കോ സയൻറിസ്റ്റ് ഫോറം.)

## സ്വകാര്യ പ്രാക്ടീസിലെ അപകടകരമായ പ്രവണതകൾ

| കുറിപ്പടികൾ | സർക്കാർ ക്ലിനിക്കിൽ % | സ്വകാര്യ ക്ലിനിക്കിൽ % |
|---|---|---|
| അനാവശ്യ ഔഷധ ചേരുവകൾ | 2.00 | 28.9 |
| അപകടകാരികളായ ഔഷധങ്ങൾ | 0.5 | 9.6 |
| അനാവശ്യ ഔഷധങ്ങൾ | 28.4 | 45.7 |
| അനാവശ്യ ഇൻജക്ഷനുകൾ | 24.2 | 26.5 |

## ആരോഗ്യത്തെ ഉൽപന്നമാക്കുന്ന പുതിയ സംസ്കാരം: അതിൻെറ രണ്ട് മുഖങ്ങൾ

### ഫൈവ്സ്റ്റാർ ആശുപത്രികളിലെ ചികിത്സാ നിരക്കുകൾ

| | രൂപ |
|---|---|
| ചികിത്സ സമഗ്ര ആരോഗ്യ പദ്ധതി | 3000/- |
| പ്രത്യേക ചികിത്സാ പരിപാടി | 3400/- |
| സമഗ്ര ആരോഗ്യ ചെക്കപ്പ് | 1500/- |
| പൂർണ ശരീര ചെക്കപ്പ് | 3600/- |
| എക്സിക്യൂട്ടീവ് ആരോഗ്യ ചെക്കപ്പ് | 1450/- |

### ഫൈവ്സ്റ്റാർ ആശുപത്രികളിലെ പ്രതിദിന മുറിവാടക

| ആശുപത്രിയുടെ പേര് | രൂപ |
|---|---|
| ബോംബെ ആശുപത്രി, ബോംബെ | 2450/- |
| ജെസ് ലോക്ക് ആശുപത്രി, ബോംബെ | 1800/- |
| അപ്പോളോ ആശുപത്രി, മദ്രാസ് | 1750/- |
| മലർ ആശുപത്രി, മദ്രാസ് | 1200/- |
| മല്ലയ്യ ആശുപത്രി, ബാംഗ്ലൂർ | 1500/- |

## ഫൈവ്സ്റ്റാർ ആശുപത്രികൾ പ്രോത്സാഹിപ്പിക്കപ്പെടുന്നു.

ഗവൺമെൻറ് പൊതുജനാരോഗ്യത്തിനായി ചിലവഴിക്കുന്ന തുക കുറയുന്നു.

| വർഷം | പ്രതിശീർഷ പൊതുജനാരോഗ്യ ചിലവ് രൂപ |
|---|---|
| 1983 | 23.8 |
| 1985 | 26.1 |
| 1989 | 29.9 |
| 1990 | 28.7 |
| 1991 | 27.3 |
| 1992 | 27.0 |
| 1993 | 26.3 |

## പ്രധാന സാംക്രമിക രോഗങ്ങൾ മൂലമുണ്ടായ മരണങ്ങൾ വർധിക്കുന്നു.

| | 1981 | | 1985 | | 1991 | |
|---|---|---|---|---|---|---|
| രോഗങ്ങൾ | കേസുകൾ | മരണം | കേസുകൾ | മരണം | കേസുകൾ | മരണം |
| ക്ഷയം | 612457 | 8962 | 804255 | 9778 | 898047 | 8773 |
| കാലാ അസർ | 15088 | 41 | 17277 | 44 | 61348 | 869 |
| വയറുകടി | 6487372 | 6639 | 8367115 | 5733 | 9280945 | 7493 |
| മലമ്പനി | 2701141 | 170 | 1864380 | 213 | 2120472 | 421 |

## മരുന്നുകളുടെ വിലയിൽ വൻ വർധന

| | | വില | |
|---|---|---|---|
| മരുന്ന് | അളവ് | 1990 | 1993 |
| ഡ്യൂഫാസ്റ്റോൺ (ഹോർമോൺ) | 10 ഗുളിക | 40/- | 115/- |
| ഓവറോൾ (ഗർഭനിരോധകം) | 21 ഗുളിക | 8/- | 16/- |
| പ്രിമാറിൻ (ഹോർമോൺ) | 20 ഗുളിക | 22.60/- | 65/- |
| ഇൻഡറാൽ (ഹൃദയസംബന്ധം) | 10 ഗുളിക | 1.73/- | 4.15/- |
| ആൻഗിസെഡ് (ഹൃദയസംബന്ധം) | 100 ഗുളിക | 9.98/- | 33.00/- |

## ഗാട്ട് ഉടമ്പടി ഔഷധങ്ങളുടെ വില കുത്തനെ ഉയർത്തും: പേറ്റൻറ് നിയമം കർശനമല്ലാത്ത ഇന്ത്യയും, ഈ നിയമം കർശനമായ രാജ്യങ്ങളും തമ്മിലുള്ള താരതമ്യം

| മരുന്നിൻെറ പേര് | ഇന്ത്യ | പാക്കിസ്ഥാൻ | ബ്രിട്ടൺ | അമേരിക്ക |
|---|---|---|---|---|
| റാനിറ്റിഡിൻ (10 ഗുളിക) | 29.03 | 260.40 | 481.31 | 744.61 |
| ക്ലോട്രൈമെക്സാസോൾ (10 ഗുളിക) | 4.84 | 10.50 | 31.20 | 60.38 |
| ഡൈക്ലോഫെനാക് (10 ഗുളികം | 5.67 | 55.80 | 95.84 | 289.47 |
| അറ്റിനൊലോൾ (10 ഗുളിക) | 5.60 | 63.25 | 50.19 | 89.38 |
| നിഫിഡിപ്പിൻ (10 ഗുളിക) | 3.88 | 38.50 | 31.20 | 60.38 |

## സ്വകാര്യ ആരോഗ്യ മേഖലയുടെ ബാക്കിപത്രം

- സ്വകാര്യം ആരോഗ്യ മേഖലയുടെ വിഹിതം: ദേശീയ ഉത്പാദനത്തിൻെറ 4-5 ശതമാനം. അതായത് 20,000 കോടി രൂപ പത്രിവർഷം.
- ലോകത്തെ ഏറ്റവും വലിയ സ്വകാര്യ ആരോഗ്യ മേഖല: ഇന്ത്യയിലെ 70 ശതമാനം ആരോഗ്യപരിപാലനവും ഈ മേഖലയിൽ.
- 1963-64-ൽ നടന്ന ഒരു പഠനം 61 ശതമാനം അലോപ്പതി ഡോക്ടർമാരും സ്വകാര്യ പ്രാക്ടീസ് നടത്തിയിരുന്നതായി കണ്ടെത്തി. എന്നാൽ 1993-ഓടെ ഇത് 92 ശതമാനമായി വർധിച്ചതായി മറ്റൊരു പഠനം വിലയിരുത്തി.
- കോർപ്പറേറ്റ് ആശുപത്രികൾ അഥവാ മെഡിക്കൽ ഇൻഡസ്ട്രിയൽ കോംപ്ലക്സുകളുടെ വളർച്ച: 1983-ൽ ആരംഭിച്ച ഇത്തരമൊരു ആശുപത്രിയായ അപ്പോളോ ഹോസ്പിറ്റൽ എൻറർപ്രൈസ് അഞ്ച് വർഷം കൊണ്ട് 11.48 കോടി രൂപയുടെ വിറ്റുവരവും 1.66 കോടി രൂപയുടെ ലാഭവും ഉണ്ടാക്കി.
- രോഗികളെ ലാബറട്ടറികളിലേക്ക് റഫർ ചെയ്യുന്നതിനുള്ള "കട്ട് പ്രാക്ടീസ്" അനുപാതം ബോംബെയിൽ 30-40 ശതമാനം വരെ ഉയർന്നത്.
- സ്ഥിരമായി സിസേറിയൻ ഓപ്പറേഷനുകൾ നടത്തുന്ന ആശുപത്രികളിൽ 70 ശതമാനവും സ്വകാര്യ മേഖലയിൽ. ഇത്തരം ഓപ്പറേഷനുകളുടെ ശരാശരി നിരക്ക് 2000-5000 രൂപ വരെ.
- 1991-ൽ നടന്ന ഒരു പഠനമനുസരിച്ച് ജനറൽ പ്രാക്ടീഷണർമാരുടെ ശരാശരി പ്രതിമാസ വരുമാനം 17000 രൂപയും 'സ്പെഷ്യലിസ്റ്റുകള'ടേത് 40,000 രൂപയുമായിരുന്നു.

## ആരോഗ്യപരിപാലനം അമേരിക്കയിൽ

**സ്വകാര്യവൽകൃതം, ചിലവേറിയത്, കാര്യക്ഷമമല്ലാത്തത്**

വ്യവസായവൽകൃത രാജ്യങ്ങളിൽ വച്ച് ഏറ്റവും കൂടുതൽ പണം ആരോഗ്യമേഖലയ്ക്കായി ചിലവഴിക്കുന്ന രാജ്യം അമേരിക്കയാണ്. സാർവത്രിക ആരോഗ്യം ലഭ്യമല്ലാത്ത ഒരേയൊരു പാശ്ചാത്യരാജ്യവും അമേരിക്കതന്നെ. 1992-ൽ 838 ബില്യൺ ഡോളറാണ് (ദേശീയ വരുമാനത്തിൻെറ 14 ശതമാനം) ആരോഗ്യ പരിപാലനത്തിനായി അമേരിക്ക ചിലവഴിച്ചത്. എന്നിട്ടും 3.70 കോടി അമേരിക്കക്കാർ ആരോഗ്യ ഇൻഷുറൻസ് ഇല്ലാത്തവരാണ്. എന്നു മാത്രമല്ല പ്രതിമാസം 100,000 പേർ ഇൻഷുറൻസ് പദ്ധതിയിൽ നിന്ന് പുറത്തായിക്കൊണ്ടിരിക്കുന്നു.

അമേരിക്കയിലെ ഉയർന്ന ആരോഗ്യച്ചിലവിൻെറ പ്രധാനകാരണം ലാഭലക്ഷ്യമാക്കിയുള്ള ഇൻഷുറൻസ് ഘടനയാണ്. മറ്റ് വ്യവസായവൽകൃത രാജ്യങ്ങളെ അപേക്ഷിച്ച് ശിശുമരണനിരക്ക് ഏറ്റവും ഉയർന്നതും, ആയുർദൈർഘ്യം ഏറ്റവും കുറവായതും അമേരിക്കയിലാണ്. ഈ മാതൃകയാണോ നമ്മുടെ ആസുത്രകർ തുടരാനാഗ്രഹിക്കുന്നത്?

*കടപ്പാട്: ശാസ്ത്രഗതി*

# *With Best Compliments From*

***"Good service, good coverage, good price- That's State Farm insurance."***

STATE FARM
Auto Life Fire
INSURANCE ®

***Like a good neighbor State Farm is there.®***

State Farm Insurance Companies Home Offices: Bloomington, Illinois

**CHRIS ANGILERI**
**Agent**

**15 S. Cass Avenue**
**Westmont, IL 60559**

**Off.: (708) 960 - 3100**
**Fax: (708) 960 - 9740**


Edited by Prof. Mathew Koshy Punnakadu and Published by Rev. Prof. K. C. Mathew for New Vision - Manganam, Kottayam - 18

Prof: M...
Chief Editor, NEW VIS...
Punnackadu-689652
Kozhencherry.